സന്ദർശിക്കുക
www.kssp.in
www.wiki.kssp.in
www.luca.co.in
http://parishadvartha.in
facebook.com/ksspexecutive

# പരിഷദ് വാർത്ത

ശാസ്ത്രം സാമൂഹ്യ വിപ്ലവത്തിന്

വാല്യം 17
ലക്കം 14
ഒറ്റപ്രതി 2.50 രൂപ
വരിസംഖ്യ 50 രൂപ

2017 ജൂലൈ 15 - 30
കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പ്രസിദ്ധീകരണം
parishadvartha@gmail.com

## 'വൈദ്യശാസ്ത്രമഞ്ജരി' പ്രകാശനം

### രോഗികളുടെ ഉത്കണ്ഠകളെ തൊട്ടറിയാൻ ഡോക്ടർമാർക്ക് കഴിയണം. - ഡോ.എം.കെ.സി.നായർ

തൃശ്ശൂർ : രോഗികളുടെ ഉത്കണ്ഠകളെ തൊടാതെ തൊട്ടറിയാൻ ഡോക്ടർമാർക്ക് കഴിയേണ്ടതുണ്ടെന്ന് ആരോഗ്യസർവകലാശാല വൈസ് ചാൻസലർ ഡോ.എം.കെ.സി. നായർ അഭിപ്രായപ്പെട്ടു. രോഗികളോടുള്ള സമീപനം സൗഹാർദപരമാകണം. വൈദ്യശാസ്ത്ര വിഷയങ്ങളിൽ ശാസ്ത്രസാഹിത്യ പരിഷത്ത് പ്രസിദ്ധീകരിച്ച 12 പുസ്തകങ്ങളുടെ സമാഹാരമായ 'വൈദ്യശാസ്ത്രമഞ്ജരി' ജൂലൈ 8ന് സാഹിത്യ അക്കാദമി ഹാളിൽ പ്രകാശനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഡോക്ടർമാർക്ക് അറിവുണ്ടായത് കൊണ്ട് മാത്രമായില്ല; അത് രോഗികൾക്ക് മനസ്സിലാകുന്ന ഭാഷയിൽ പറഞ്ഞു കൊടുക്കാൻ കഴിയണം. അവരുടെ തെറ്റായ ശീലങ്ങളെ മാറ്റാനുതകും വിധമുള്ള ആശയവിനിമയശേഷി സ്വായത്തമാക്കണം.



വൈദ്യശാസ്ത്രമഞ്ജരി പ്രകാശനം ഡോ.എം.കെ.സി നായർ നിർവഹിക്കുന്നു

ആശുപത്രിയിലെ അത്യാഹിതവിഭാഗം പോലെ തിരക്കേറിയതും മാനസിക പിരിമുറുക്കം ഏറെ ഉണ്ടാക്കുന്നതുമായ ഇടങ്ങളിൽ സമചിത്തതയോടെയും സ്നേഹത്തോടെയും സന്തോഷത്തോടെയും രോഗികളോട് ഇടപഴകാൻ യുവ ഡോക്ടർമാർ ശീലിക്കണം. അത് അവരുടെ മാനസികാരോഗ്യം മെച്ചപ്പെടുത്താൻ സഹായകമാകും. മറ്റൊരാൾക്ക് നന്മ ചെയ്യുമ്പോൾ സന്തോഷം ലഭിക്കുന്ന വ്യക്തികളായി മാറാൻ നമുക്ക് കഴിയണം. ആർത്തി നിയന്ത്രിക്കാൻ ശീലിക്കണം. ഭൗതികനേട്ടങ്ങളിലുള്ള ആനന്ദം താൽക്കാലികമാണ്. അദ്ദേഹം ചൂണ്ടിക്കാട്ടി. പകർച്ചപ്പനി സംബന്ധിച്ച് ജനങ്ങൾക്കിടയിലുള്ള അമിതമായ ഭീതി അനാവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. തക്കസമയത്ത് ശാസ്ത്രീയമായ ചികിത്സ തേടുകയാണ് വേണ്ടത്. ശാസ്ത്രമഞ്ജരി യുവഡോക്ടർമാരായ ബെബെറ്റോ തിമോത്തി, എസ്.ശ്രീലക്ഷ്മി എന്നിവർക്ക് നൽകിയാണ് പ്രകാശനം ചെയ്തത്.

പരിഷത്ത് പ്രസിദ്ധീകരണ സമിതി ചെയർമാൻ ഡോ. കാവുമ്പായി ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ടി.കെ, മീരാഭായ്, കൺവീനർ പി.മുരളീധരൻ, ആരോഗ്യ സർവകലാശാല അക്കാദമിക് ഡീൻ ഡോ.വി.വി.ഉണ്ണികൃഷ്ണൻ, ഡോ.ടി.എൻ.അനൂപ്കുമാർ ഡോ.എം.സി.സാവിത്രി, ഡോ.കെ.ജി.വിശ്വനാഥൻ, ഡോ.പി.പ്രസാദ്, എന്നിവർ സംസാരിച്ചു.

## സംഘടനാവിദ്യാഭ്യാസ ക്യാമ്പ്

ബാലുശ്ശേരി : കാസർഗോഡ് മുതൽ മലപ്പുറം വരെയുള്ള ജില്ലകളിലുള്ളവർക്കായി ജൂലൈ 1,2 തീയതികളിൽ ബാലുശ്ശേരി KET College of Teacher Education ൽ നടന്ന സംസ്ഥാന സംഘടനാവിദ്യാഭ്യാസ ക്യാമ്പ് ബാലുശ്ശേരി എംഎൽഎ പുരുഷൻ കടലുണ്ടി ഉദ്ഘാടനം ചെയ്തു. ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടും സ്വാഗതസംഘം ചെയർപേഴ്സണുമായ രൂപകല കൊമ്പിലാട്ട് അധ്യക്ഷത വഹിച്ചു. ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് അംഗം പി എൻ അശോകൻ, ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് അംഗം എൻ പി നദീഷ്കുമാർ എന്നിവർ ആശംസകളർപ്പിച്ചു.

മേഖലാ സെക്രട്ടറി, സെക്രട്ടറിയെ സഹായിക്കുന്ന ഒരു മേഖലാക്കമ്മിറ്റി അംഗം, മേഖലാ ചുമതലയുള്ള ജില്ലാ കമ്മിറ്റി അംഗം, എന്നിവരെ കൂടാതെ ഒരു ജില്ലയിൽ നിന്നും 5 യുവസമിതി പ്രവർത്തകരേയും ആണ് ക്യാമ്പിലേക്ക് ക്ഷണിച്ചിരുന്നത്. മൊത്തം 118 പേർ ക്യാമ്പിൽ പങ്കെടുത്തു.

പരിഷത്ത് പ്രവർത്തന ശൈലിയുടെ പ്രത്യേകതകൾ അനുസ്മരിച്ചുകൊണ്ടുള്ള ക്യാമ്പംഗങ്ങളുടെ പരിചയപ്പെടൽ മൂന്നു ഡിവിഷനുകളായി തിരിഞ്ഞു നടത്തി. മാറിവരേണ്ട സമൂഹത്തിൽ ഉണ്ടാവണമെന്ന് നാം വിഭാവനം ചെയ്യുന്ന പ്രത്യേകതകൾ വ്യക്തിഗത അഭിപ്രായങ്ങളിലൂടെ ക്രോഡീകരിച്ചു. തുടർന്ന് പരിഷത്തിന്റെ വികസന കാഴ്ചപ്പാട് കലാസംസ്കാരം ഉപസമിതി സംസ്ഥാന കൺവീനർ റിസ്വാൻ അവതരിപ്പിച്ചു. വിദ്യാഭ്യാസ കാഴ്ചപ്പാട് നിർവാഹക സമിതി അംഗം അപർണ മർക്കോസ്, ആരോഗ്യസമീപനങ്ങൾ ഡോ. സരിൻ (പരിയാരം മെഡിക്കൽ കോളേജ്), പരിസ്ഥിതി കാഴ്ചപ്പാട് നിർവാഹക സമിതി അംഗം ഇ അബ്ദുൾഹമീദ്, ജന്റർ സമീപനങ്ങൾ നിർവാഹകസമിതി അംഗം എൻ ശാന്തകുമാരി, ശാസ്ത്രബോധവും ശാസ്ത്രത്തിന്റെ രീതിശാസ്ത്രവും സംസ്ഥാന ആരോഗ്യസമിതി കൺവീനർ ഡോ എസ് മിഥുൻ എന്നിവർ അവതരിപ്പിച്ചു.

കേരളപഠനം എന്തിന് എങ്ങനെ എന്ന അവതരണം പ്രൊഫ ടിപി കുഞ്ഞിക്കണ്ണൻ നടത്തി. യൂണിറ്റ് മേഖലാ പ്രവർത്തനത്തിന്റെ പ്രസക്തി എന്ത്, പ്രവർത്തനത്തിന്റെ സംവിധാനം എങ്ങനെയായിരിക്കണം, ഒരു ജനകീയ ശാസ്ത്രപ്രസ്ഥാനം ഏറ്റെടുത്തു നടത്തേണ്ട പ്രവർത്തനങ്ങൾ എന്തെല്ലാം തരത്തിലായിരിക്കണം എന്നീ ചർച്ചകൾ ക്രോഡീകരിച്ചുകൊണ്ട് നിർവാഹകസമിതി അംഗം ടി കെ ദേവരാജൻ സംസാരിച്ചു. രാവിലെ ക്യാമ്പ് തുടങ്ങുന്നതിനുണ്ടായ ചെറിയ താമസവും ചില സെഷനുകളിൽ ചർച്ചകൾ നീണ്ടതും കാരണം ആദ്യദിവസത്തെ കാര്യങ്ങൾ പൂർത്തിയാക്കിയത് 11 മണിയ്ക്കാണ്.

ഒന്നാം ദിവസത്തെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തുകൊണ്ടാണ് രണ്ടാം ദിവസം ക്യാമ്പ് ആരംഭിച്ചത്. പ്രശ്നങ്ങൾ എങ്ങനെ പഠിച്ചു തുടങ്ങാം എന്ന സെഷനിൽ യൂണിറ്റുതലത്തിൽ തീരുമാനിച്ച പ്രശ്നങ്ങളുടെ പഠനരൂപരേഖ തയ്യാറാക്കുന്നതെങ്ങിനെയെന്നു ചർച്ച ചെയ്തു. മേഖലാ പഠനസംഘം എങ്ങനെ പ്രവർത്തിക്കണമെന്നതായിരുന്നു അടുത്ത സെഷന്റെ കാതൽ. കൂട്ടായ്മ, നേതൃത്വം, ആശയവിനിമയം എന്ന സെഷനിൽ സംഘപ്രവർത്തനം ഫലപ്രദമാക്കുന്നതെങ്ങനെ, സഹപ്രവർത്തകർ എങ്ങനെ സഹായിക്കണം എന്നീ കാര്യങ്ങൾ ചർച്ച ചെയ്തു. ക്യാമ്പ് ഡയറക്ടറും സംസ്ഥാന സംഘടനാവിദ്യാഭ്യാസ സമിതി കൺവീനറുമായ എ.പി. മുരളീധരനോടൊപ്പം ടി.കെ. ദേവരാജൻ, പ്രൊഫ എൻ. കെ.ഗോവിന്ദൻ, സി.ചിഞ്ചു, കെ.അരുൺകുമാർ തുടങ്ങിയവർ ഫെസിലിറ്റേറ്റർമാരായി പ്രവർത്തിച്ചു. മഴ വിട്ടുമാറാത്ത കാലാവസ്ഥയായിരുന്നെങ്കിലും പ്രതിനിധികളെ അത് അലോസരപ്പെടുത്താതിരിക്കാൻ സ്വാഗതസംഘം പ്രവർത്തകർ ശ്രദ്ധിച്ചു. രണ്ടാം ദിവസം നാലിലൊന്ന് പ്രതിനിധികളിൽ കുറവുണ്ടായി. രണ്ടുമണിയോടെ ക്യാമ്പ് പൂർത്തിയായി.

# കാടിന്റെ കാവൽ നാം തന്നെ സമരസ്മരണകളിരമ്പും മുണ്ടേരിയിൽ വീണ്ടും




നിലമ്പൂർ : ഒന്നാം മുണ്ടേരി മാർച്ചിന്റെ നൂറുനൂറ് സമര സ്മരണകളുമായി ഒത്തുകൂടിയവർ... രണ്ടാം മുണ്ടേരി മാർച്ചിലൂടെ പരിഷത്തിന്റെ ഭാഗമായവർ... രണ്ട് മാർച്ചുകളിലും പങ്കാളിയാകാൻ ഭാഗ്യം സിദ്ധിക്കാതെ പിന്നീട് സംഘടനയിൽ വന്നവർ... പാട്ടുപാടി, അറിവുകൾ കൈമാറി, ഓർമകൾ അയവിറക്കി, അനുഭവങ്ങൾ പങ്കുവെച്ച്, വിത്തെറിഞ്ഞ്, ഒരു കൂട്ടായ്മ. എല്ലാ അർത്ഥത്തിലും തലമുറകളുടെ സംഗമം ആയിരുന്നു ജൂലൈ 2 ന് മലപ്പുറം നിലമ്പൂരിലെ മുണ്ടേരിയിലെ സമരസ്മരണ.

മുണ്ടേരിവനവും വനത്തിലൂടെ ഒഴുകുന്ന പുഴയും കഴിഞ്ഞ 33 വർഷമായി നേഞ്ചോടുചേർത്ത് കാത്തുസൂക്ഷിച്ച പഴയ തലമുറയിൽ നിന്ന്, അവരുടെ പ്രതിനിധിയായ വി.എം.കൊച്ചുണ്ണി മാസ്റ്ററിൽ നിന്ന് മുണ്ടേരി വനത്തിന്റെയും ചാലിയാറിന്റേയും സംരക്ഷണ ചുമതല പുത്തൻ തലമുറ ഏറ്റുവാങ്ങി. പിന്നെ, പരിഷത്ത് പതാകയും ദീപശിഖയുമേന്തി പാട്ടുകളും മുദ്രാഗീതങ്ങളുമായി വനത്തിലേക്ക് യാത്ര.

1984 ജൂലൈ 2ന് നടന്ന ഒന്നാം മുണ്ടേരി മാർച്ചിന്റെ മുപ്പത്തിമൂന്നാം വാർഷികത്തിനാണ് മുണ്ടേരിയിൽ പരിസ്ഥിതിക്കൂട്ടായ്മ നടത്തിയത്. ഗവ.ഹയർ സെക്കന്ററി സ്കൂളിൽ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് സുഗതൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. പരിഷത്ത് മേഖലാ പ്രസിഡണ്ട് അഡ്വ.കെ.കെ. രാധാകൃഷ്ണൻ അധ്യക്ഷനായി. കൊച്ചുണ്ണി മാഷ്, കെ.കെ. ജനാർദ്ദനൻ എന്നിവർ സമര സ്മരണകളും ഇന്നത്തെ പാരിസ്ഥിതികചിന്തകളും പങ്കുവെച്ചു. പ്രകൃതിയിലെ കാർബൺ വർധനയെക്കുറിച്ച് ജില്ലാ പ്രസിഡണ്ട് വി.വി.മണികണ്ഠൻ, വേനൽക്കാലത്തെ കുടിവെള്ളക്ഷാമത്തെയും മഴക്കാല കരുതലുകളെയും പറ്റി ജില്ലാ സെക്രട്ടറി വി.ആർ.പ്രമോദും വിഷയാവതരണം നടത്തി. ബഷീർ ചുങ്കത്തറ, കെ.അരുൺകുമാർ, പി.സജിൻ, കെ.രാജേന്ദ്രൻ, കെ.ഷൗക്കത്തലി, എസ്.ബി.ഷാജി, പി.ഡി.പ്രസാദ് എന്നിവർ സംസാരിച്ചു. സംസാരത്തിനിടയിൽത്തന്നെ പരിചയപ്പെടലും അനുഭവങ്ങൾ പങ്കിടലും മുദ്രാഗീതങ്ങളുടേയും കവിതകളുടേയും ആലാപനവും ഉണ്ടായിരുന്നു. പ്രതീകാത്മകമായി തീപ്പന്തവും പരിഷദ് പതാകയും കൊച്ചുണ്ണി മാസ്റ്റർ കൈമാറിയത് ബാലവേദി പ്രവർത്തകർ ഏറ്റുവാങ്ങി. ഉച്ചക്കു ശേഷമായിരുന്നു ആവേശകരമായ വനയാത്ര. എന്തു വില നൽകിയും ഈ വനത്തെ സംരക്ഷിക്കുമെന്ന പ്രഖ്യാപനം. ചാലിയാറിന്റെ കുളിർമയിൽ ക്ഷീണമകറ്റൽ. ഒടുവിൽ, വീണ്ടും ഒത്തുചേരാനായി പിരിഞ്ഞടക്കം.

## മുണ്ടേരി മാർച്ച് - അല്പം ചരിത്രം

ചാലിയാറിന്റെ വൃഷ്ടി പ്രദേശമായ നീർപുഴയുടെ ഉത്ഭവകേന്ദ്രത്തിൽ മുണ്ടേരി, മുക്കം, മാളകം ഭാഗത്തുള്ള 1680 ഏക്കർ നിത്യഹരിതവനം മുറിച്ചുനീക്കാനുള്ള തീരുമാനത്തിനെതിരെയായിരുന്നു 1984 ജൂലൈ 2ന് ഒന്നാം മുണ്ടേരി മാർച്ച്. ഭൂപരിഷ്കരണം നടപ്പിലാക്കിയതോടെ ഭൂരഹിതരായ നിലമ്പൂർ കോവിലകത്തെ 112 കുടുംബം ഒന്നിന് 15 ഏക്കർ വീതം കൃഷിഭൂമി അവകാശപ്പെട്ടതാണ് എന്ന വാദമുയർത്തിയാണ് ഇടതൂർന്നു നിൽക്കുന്ന ഈ വനം വിട്ടുകൊടുക്കാൻ തീരുമാനിച്ചത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ 128 പരിഷത്ത് പ്രവർത്തകർ മുണ്ടേരി സ്കൂളിൽ ഒത്തുകൂടി വനത്തിലേക്ക് മാർച്ച് നടത്തിയത് സംഘടനയുടെ ചരിത്രത്തിലെ ആവേശോജ്വലമായ ഒരു ഏടാണ്. നിയമസഭയിലടക്കം അതിന്റെ അലയൊലികളുണ്ടായി. ഈ വനം വെട്ടിമാറ്റാൻ വീണ്ടും ടെണ്ടർ വിളിച്ചപ്പോഴാണ് 2012 ആഗസ്റ്റ് 11ന് രണ്ടാം മുണ്ടേരി മാർച്ച് നടത്തിയത്. മലപ്പുറം ജില്ലയിൽ നിന്നും പുറത്തുനിന്നുമായി ആയിരത്തിലേറെ പരിഷദ് പ്രവർത്തകർ അതിൽ പങ്കാളികളായി.

**പത്രക്കുറിപ്പ്**

# ദേശീയ ഹരിത ട്രൈബ്യൂണലിനെ നിർവീര്യമാക്കാനുള്ള കേന്ദ്രസർക്കാർ നടപടിയിൽ പ്രതിഷേധിക്കുക

ദേശീയ ഹരിത ട്രൈബ്യൂണലിനെ നിർവീര്യമാക്കാനുള്ള കേന്ദ്രസർക്കാർ നടപടിയിൽ കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ശക്തിയായി പ്രതിഷേധിക്കുന്നു. 2017-ലെ ഫിനാൻസ് ആക്ടിന്റെ 184-ാം വകുപ്പുപ്രകാരമുള്ള ചട്ടപ്രകാരം വളഞ്ഞ വഴിയിലൂടെയാണ് ദേശീയ ഹരിത ട്രൈബ്യൂണൽ ഉൾപ്പെടെ 19 ട്രൈബ്യൂണലുകളെ വരുതിയിലാക്കാൻ കേന്ദ്രസർക്കാർ ശ്രമിക്കുന്നത്. ഇതുമൂലം ഹരിത ട്രൈബ്യൂണലിന്റെ ഉദ്ദേശലക്ഷ്യങ്ങൾ തന്നെ നഷ്ടപ്പെട്ടിരിക്കുകയാണ്. പുതിയ ചട്ടപ്രകാരം ട്രൈബ്യൂണൽ അംഗങ്ങളെ നിയമിക്കുന്ന സെർച്ച് കം സെലക്ഷൻ കമ്മിറ്റിയിൽ അഞ്ച് അംഗങ്ങളാണുണ്ടാകുക. ഇതിൽ നാലുപേരും കേന്ദ്രസർക്കാർ നിയോഗിക്കുന്നതും ഒരാളെ ഇന്ത്യൻ ചീഫ് ജസ്റ്റിസ് നിയമിക്കുന്നതുമായിരിക്കും. അതായത് ഇനി മുതൽ കേന്ദ്രസർക്കാർ തീരുമാനിക്കുന്നവരായിരിക്കും കമ്മിറ്റി അംഗങ്ങളാവുക. അംഗങ്ങളെ നീക്കം ചെയ്യുന്നതിനും മുമ്പുണ്ടായിരുന്ന വ്യവസ്ഥകൾ മാറ്റിയിരിക്കുകയാണ്. ഏതെങ്കിലും അംഗത്തിനെതിരെ ആരോപണം ഉണ്ടായാൽ കേന്ദ്രസർക്കാർ പ്രാഥമിക അന്വേഷണം നടത്തി അത് സുപ്രീംകോടതിയുടെ പരിഗണനയ്ക്കു വിടുകയായിരുന്നു നിലവിലുണ്ടായിരുന്നത്. ഭേദഗതി പ്രകാരം കേന്ദ്രസർക്കാർ നിയോഗിക്കുന്ന ഒരു അതോറിറ്റി പരിശോധിച്ച് നടപടിയെടുക്കും. അതായത് ട്രൈബ്യൂണലിന്റെ മുന്നിലുള്ള കേസുകളിൽ മിക്കവാറും പ്രതിസ്ഥാനത്തു വരുന്ന പരിസ്ഥിതി മന്ത്രാലയം തന്നെ ട്രൈബ്യൂണൽ അംഗങ്ങളെ നിരീക്ഷിക്കുന്ന വിചിത്രമായ അവസ്ഥയാണ് ഉണ്ടാകാൻ പോകുന്നത്. സർക്കാർ ഉദ്യോഗസ്ഥർക്ക് മേധാവിത്വമുള്ള തെരഞ്ഞെടുപ്പു സമിതിയിലും ദേശീയ ഹരിത ട്രൈബ്യൂണൽ പോലെ രാഷ്ട്രീയ പ്രാധാന്യമുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സംവിധാനങ്ങളിലെ അംഗങ്ങളെ തീരുമാനിക്കുന്നതു അതിന്റെ പ്രവർത്തനത്തെ നിർവീര്യമാക്കുമെന്ന് പറയേണ്ടതില്ലല്ലോ.

ഇതുകൂടാതെ ട്രൈബ്യൂണൽ അംഗങ്ങളുടെ യോഗ്യതയിലും നിർണായക മാറ്റങ്ങളാണ് കൊണ്ടുവന്നിരിക്കുന്നത്. ഇതനുസരിച്ച് അധ്യക്ഷസ്ഥാനത്തേയ്ക്ക് ഇനി റിട്ടയേർഡ് സുപ്രീംകോടതി, ഹൈക്കോടതി ജഡ്ജിമാർ വേണമെന്നില്ല. നിയമരംഗത്ത് പ്രവർത്തിപരിചയമുള്ള മറ്റുള്ളവരേയും നിയമിക്കാം. വനപരിസ്ഥിതി സമിതികളിൽ അംഗങ്ങളായി പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ഐഎഎസ് ഉദ്യോഗസ്ഥർക്കും അഭിഭാഷകർക്കും ഹരിത ട്രൈബ്യൂണൽ അധ്യക്ഷനാകാം. ട്രൈബ്യൂണലിലെ ജുഡീഷ്യൽ അംഗം റിട്ട. ഹൈക്കോടതി ജഡ്ജിയാകണമെന്നതും മാറ്റി. 10 വർഷത്തെ നിയമപരിജ്ഞാനമുള്ള ആരെയും ഇനി നിയമിക്കാം. കാലാവധി അഞ്ചു വർഷത്തിൽ നിന്നും മൂന്നു വർഷമായി കുറയും. ചീഫ് ജസ്റ്റിസ് നിർദ്ദേശിക്കുന്നയാളെ അധ്യക്ഷനാക്കണമെന്ന തുമാറ്റി അതിനായി വനം പരിസ്ഥിതി മന്ത്രാലയം സെക്രട്ടറിയെ ഉൾപ്പെടുത്തി ഒരു സമിതിയുണ്ടാക്കി. ഇതുവരെ ഹരിതട്രൈബ്യൂണൽ അധ്യക്ഷസ്ഥാനം രാഷ്ട്രപതിയുടെ കീഴിലായിരുന്നെങ്കിൽ അത് വനം പരിസ്ഥിതി മന്ത്രാലയം സെക്രട്ടറിയുടെ കീഴിലേക്ക് മാറ്റി. സുപ്രീംകോടതി ജഡ്ജിമാർക്കുള്ള ആനുകൂല്യത്തിനുപകരം ഇനി ഐഎഎസ് ഉദ്യോഗസ്ഥർക്കുള്ള ആനുകൂല്യമേ ലഭിക്കൂ. സർക്കാരിന്റെ ഇഷ്ടക്കാർക്ക് നിയമനം നൽകാൻ ഇതുവഴിവച്ചിരിക്കുകയാണ്.

ധനമന്ത്രാലയം പുറത്തിറക്കിയ പുതിയ ചട്ടങ്ങൾ ഹരിത ട്രൈബ്യൂണൽ ഉൾപ്പെടെ 19 ട്രൈബ്യൂണലുകളുടെയും സ്വതന്ത്രസ്വഭാവം നശിപ്പിക്കുന്നതാണ്. കുത്തകകൾക്കെതിരെ പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുന്നതിനും വൻകിടക്കാരുടെ മലിനീകരണത്തിനെതിരെ സാധാരണക്കാരെ പരിരക്ഷിക്കുന്നതിനും ഏറെ പ്രയോജനപ്പെട്ടിരുന്ന ഹരിത ട്രൈബ്യൂണലിനെ നിർവീര്യമാക്കുന്നതിലൂടെ രാജ്യത്തെ പ്രകൃതിവിഭവങ്ങളെയും ജനങ്ങളെയും ചൂഷണം ചെയ്യാൻ കോർപ്പറേറ്റുകൾക്ക് അവസരം ലഭിച്ചിരിക്കുകയാണ്. എല്ലാം അധികാരകേന്ദ്രങ്ങളുടെയും സ്വതന്ത്രസ്വഭാവം നശിപ്പിച്ച് കേന്ദ്രസർക്കാരിനു കീഴിലാക്കുന്നത് ഏകാധിപത്യത്തിലേക്കുള്ള ചുവടുവയ്പ്പായി കണക്കാക്കണം. എല്ലാ ജനാധിപത്യവിശ്വാസികളും ഇതിനെതിരെ ശക്തമായി പ്രതിഷേധിക്കണമെന്ന് കേരള ശാസ്ത്രസാഹിത്യ പരിഷത്ത് അഭ്യർഥിക്കുന്നു.

# ഖനന ഇളവുകൾക്കെതിരെ കളക്ടേറ്റ് ധർണ

പാലക്കാട് : കേരള സർക്കാറിന്റെ വ്യവസായ വകുപ്പ് ഇറക്കിയ ഖനനാനുമതി ഇളവിനെതിരെ പാലക്കാട് ജില്ലാ കമ്മിറ്റി കളക്ടറേറ്റിനു മുന്നിൽ 2 മണി മുതൽ 5 മണി വരെ ധർണ നടത്തി. കളക്ടറേറ്റ് ധർണ പരിഷത്ത് സംസ്ഥാന സെക്രട്ടറി കെ. മനോഹരൻ ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി കെ.എസ്.നാരായണൻ കുട്ടി, കമ്മിറ്റി അംഗങ്ങളായ എൻ.ജി.മുരളീധരൻ, കെ.കെ. മണികണ്ഠൻ എന്നിവർ ജില്ലയിലെ ക്വാറി സമരങ്ങളുടെ അനുഭവം പങ്കുവെച്ചു. ജില്ലാ ട്രഷറർ കെ.അരവിന്ദാക്ഷൻ അധ്യക്ഷത വഹിച്ച യോഗത്തിൽ പരിസര കൺവീനർ എസ്.ശിവദാസ് സ്വാഗതവും ജില്ലാ ജോയിന്റ് സെക്രട്ടറി കെ.സുനിൽകുമാർ നന്ദിയും രേഖപ്പെടുത്തി.




## പരിസരദിനത്തിൽ തിരുവനന്തപുരം ജില്ലയിൽ 300 ക്ലാസുകൾ

ജൂൺ 5 പരിസരദിനത്തിൽ തിരുവനന്തപുരം ജില്ലയിലെ 13 മേഖലകളിലായി 300 ക്ലാസുകൾ നടന്നു. വൈവിധ്യമാർന്ന പരിപാടികളോടെ വിദ്യാലയങ്ങൾ, യൂണിറ്റ് കേന്ദ്രങ്ങൾ, വായനശാലകൾ എന്നിവിടങ്ങളിലായാണ് ക്ലാസുകൾ നടന്നത്. മേഖലാറാലിയിൽ വൃക്ഷതൈ നടീൽ, ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ നടന്നു. പാലോട് മാഞ്ചിയം പ്ലാന്റേഷനെതിരായ ജനകീയ സമരസമിതിയുമായി ചേർന്ന് വിത്തെറിയൽ സമരം നടത്തി. 5000ത്തിൽ പരം നാടൻവിത്തുകൾ വനം വകുപ്പിന്റെ പ്ലാന്റേഷനിൽ വിതയ്ക്കുകയുണ്ടായി. സ്കൂൾ തലത്തിൽ പ്രശ്നോത്തരിയും സംഘടിപ്പിച്ചു.

## ജനറൽ സെക്രട്ടറിയുടെ കത്ത്

### അംഗത്വ പ്രവർത്തനം രണ്ടാംഘട്ടം വിജയിപ്പിക്കുക

ഏത് സംഘടനയുടെയും അടിസ്ഥാന പ്രവർത്തനമാണ് സംഘടനയിലേക്ക് അംഗങ്ങളെ ചേർക്കുന്ന പ്രവർത്തനം. സംഘടനയുടെ മന്നോട്ടുള്ള വളർച്ചയുടെ മുന്നുപാധിക്രടിയാണത്. ഓരോ സംഘടനയും സമൂഹത്തിൽ നിർവഹിക്കുന്ന ദൗത്യവും പ്രവർത്തന രീതിയുമാണ് അതിലെ അംഗങ്ങൾ ആരൊക്കെ എന്ന് തീരുമാനിക്കാൻ അടിസ്ഥാനമാകേണ്ടത്. അതിനനുസൃതമായ അംഗത്വ ചേരുവയല്ലയെങ്കിൽ ലക്ഷ്യബോധമുള്ള പ്രവർത്തനങ്ങൾ വിഭാവനം ചെയ്യാമെന്നല്ലാതെ അത് നിർവഹിക്കാൻ സാധിക്കയില്ല.

എന്നാൽ കഴിഞ്ഞ കുറച്ചേറെ വർഷങ്ങളായി നമ്മുടെ അംഗത്വ ചേരുവയിലെ ഈ വൈവിധ്യം നഷ്ടമാകുകയാണ്. ആദ്യകാലത്ത് സംഘടനയിൽ വന്നവരൊഴിച്ച് ശാസ്ത്രരംഗത്ത് പ്രവർത്തിച്ച് അനുഭവവും വിജ്ഞാനവും ഉള്ളവർ സംഘടനയിൽ ഇന്ന് വേണ്ടത്രയില്ല. ശാസ്ത്ര പ്രചാരകരുടെയും സർഗശേഷിയുള്ളവരുടെയും എണ്ണവും കുറവ് തന്നെ. അതിന്റെ കുറവ് പരിഹരിക്കുന്നത് പലപ്പോഴും സംഘടനക്ക് പുറത്തുള്ളവരെ ക്ഷണിതാക്കളായി നമ്മുടെ പ്രവർത്തനത്തിൽ സഹകരിപ്പിച്ചാണ്. എന്നാൽ ദീർഘകാലം ഈവിധം സഹകരിച്ചവർ പോലും സംഘടനയിൽ അംഗമായിട്ടില്ല എന്നത് പലയിടത്തും കാണാൻകഴിയും. സന്നദ്ധപ്രവർത്തകരും ഏതാനും സംഘാടകരും എന്ന സ്ഥിതിയിലേക്ക് സംഘടന മാറുന്നതിലേക്കാണത് നയിക്കുക. മാസികാ പ്രവർത്തനം, പുസ്തക പ്രചാരണം, കലാജാഥാസ്വീകരണം, പ്രതിഷേധ പരിപാടികൾ... ഇവയൊക്കെ മാത്രമേ അത്തരമൊരു സംഘടനക്ക് ചെയ്യാനാവൂ. അവ വളരെ പ്രധാനവുമാണ്. പക്ഷേ നാം ലക്ഷ്യം വെക്കുന്നതിലെ വളരെ ചെറിയൊരളവേ അതിലൂടെ ലഭിക്കു.

അധ്യാപകർ ഒരു കാലത്ത് നമ്മുടെ ശക്തിയായിരുന്നു. വലിയ ശിഷ്യഗണത്തെ ശാസ്ത്രബോധമുള്ളവരുടെ നിരയിലേക്ക് ഉയർത്താൻ അവർക്ക് കഴിയും. മറ്റൊന്ന് നമ്മുടെ സംഘടനയിൽ സജീവരായ യുവാക്കൾ വളരെ പരിമിതമാണെന്നതാണ്. എൺപതുകളിൽ പരിഷത്ത് പ്രവർത്തകരിലേറെയും യുവാക്കളായിരുന്നു. അല്പമെങ്കിലും ഇക്കാര്യത്തിൽ പുരോഗതിയുണ്ടായത് യുവസമിതി പ്രവർത്തനത്തിലൂടെയാണ്. എന്നാൽ അവരെ തന്നെ പൂർണമായി സംഘടനയിലേക്കാകർഷിക്കാൻ കഴിഞ്ഞിട്ടില്ല. ആ പ്രവർത്തനത്തിൽ സഹകരിക്കാൻ കഴിയാത്തവരെയും സംഘടനയിലേക്കാകർഷിക്കേണ്ടേ? സംഘടനയിൽ ലിംഗസമത്വബോധം ബോധപൂർവ്വം കൊണ്ടുവരാൻ ശ്രമിക്കുന്ന സംഘടനയാണ് നമ്മുടേത്. പ്രവർത്തനത്തിൽ മാത്രമല്ല അംഗത്വചേരുവയിലും പ്രവർത്തകനിരയിലും അത് ദൃശ്യമാകണം. കേരളത്തിൽ പെൺകുട്ടികളും സ്ത്രീജനങ്ങളും വലിയ തോതിൽ പൊതു പ്രവർത്തനത്തിൽ ആകൃഷ്ടരാകുന്നുണ്ട്. എന്നിട്ടുമെന്തേ പരിഷത്തിൽ അത് ദൃശ്യമാകുന്നില്ല എന്ന് പലരും ചോദിക്കുന്നു. നാം കഴിഞ്ഞ വർഷം കൊണ്ടു വന്ന ഭരണഘടനാ ഭേദഗതി ഈ സ്ഥിതി മാറ്റാൻ ലക്ഷ്യമിട്ട പ്രധാന ചുവടുവയ്പ്പായിരുന്നു. എന്നാൽ അത് കൊണ്ടു മാത്രമായില്ല. നമ്മുടെ സംഘടനയിൽ സജീവരായ വനിതാ അംഗങ്ങളുടെ എണ്ണം വർധിപ്പിക്കണം. അതിന് സന്നദ്ധരായവരെ സംഘടനയിലേക്ക് നിർബന്ധമായും കൊണ്ടുവരണം. സമൂഹത്തിലെ ഏറ്റവുംഅടിസ്ഥാന വിഭാഗങ്ങളെയാണ് നമ്മുടെ പ്രവർത്തനങ്ങളുടെ, നിലപാടുകളുടെ ഗുണഭോക്താക്കളായി നാം മുഖ്യമായും കാണുന്നത്. എന്നാൽ അവരുടെ പ്രശ്നങ്ങൾ ആഴത്തിൽ പഠിക്കുന്നതിനുള്ള പരിമിതി ആ വിഭാഗങ്ങളിൽ നിന്നുള്ള പ്രാതിനിധ്യം സംഘടനയിൽ വേണ്ടുവോളമില്ല എന്നതാണ്. അതിനാൽ പ്രാന്തവത്കരിക്കപ്പെടുന്ന ജീവിതമേഖലകളിൽ നിന്ന്, വിഭാഗങ്ങളിൽ നിന്ന് നാം പ്രവർത്തകരെ ബോധപൂർവ്വം അംഗങ്ങളാക്കാൻ ശ്രമിക്കണം.

ഇന്ന് നമ്മുടെ അംഗത്വ പ്രവർത്തനം നടത്താനുള്ള ചുമതല യൂണിറ്റുകൾക്കാണ്. എണ്ണമെടുത്താൽ ബഹുഭൂരിപക്ഷം പഞ്ചായത്തുകളിലും നഗരസഭകളിലും പരിഷത്ത് യൂണിറ്റുകളുണ്ട്. എന്നാൽ കേരളത്തിൽ ഭൂരിഭാഗം പ്രദേശങ്ങളിലും പരിഷത്ത് പ്രവർത്തനം എത്തുന്നു എന്ന് ഇത്കൊണ്ട് അർത്ഥമാകുന്നില്ല. പരിഷത്തിന്റെ റോൾ മനസ്സിലാക്കി ഭാവനാപൂർണമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന യൂണിറ്റുകൾ ചെറിയ ശതമാനമേ വരൂ. ഏറെയും മേഖലാ- ജില്ലാ കമ്മിറ്റികളുടെ സമ്മർദ്ദഫലമായി അത്യാവശ്യ പ്രവർത്തനങ്ങൾ നീക്കുന്നവയാണ്. ഇതിൽ ഏറ്റവും ദുർബലമായി നടക്കുന്നത് പുതിയ അംഗങ്ങളെ ചേർക്കുന്ന പ്രവർത്തനമാണ്. യൂണിറ്റ് ഭാരവാഹികളുടെ സൗഹൃദ വൃത്തത്തിനപ്പുറത്തേക്ക് ഈ അംഗത്വ പ്രവർത്തനം പലപ്പോഴും മുമ്പോട്ട് പോകാറില്ല. സംഘടനയെ സ്വാംശീകരിച്ച മേഖലാതലം മുതലുള്ള പ്രവർത്തകരാകട്ടെ മറ്റ് കൃത്യാന്തര ബാഹുല്യത്താൽ ഈ പ്രവർത്തനം യൂണിറ്റുകളുടെ പ്രവർത്തനമായി മാത്രം കണ്ട് അതിൽ പങ്കാളികളാകാറുമില്ല.

യഥാർത്ഥത്തിൽ പരിഷത്തുമായി സഹകരിക്കാനാഗ്രഹിക്കുന്ന, തങ്ങളുടെ കഴിവുകൾ പരിഷത്തിലൂടെ സമൂഹത്തിന് പ്രയോജനപ്പെടുത്താൻ കഴിയുന്നവർ ഏറെപ്പേർ നമ്മുടെ നാട്ടിലുണ്ട്. പുതിയ അംഗങ്ങളെ ചേർക്കാനുള്ള സമയം തീരുമ്പോഴേയ്ക്കും ഒരു യൂണിറ്റിൽ ചുരുങ്ങിയത് 100 അംഗങ്ങളെയെങ്കിലും ചേർക്കാൻ നമുക്ക കഴിയണം.

അംഗത്വം ചേർക്കൽ അനുഭവങ്ങൾ പങ്കിടുമല്ലോ?

സ്നേഹാന്വേഷണങ്ങളോടെ,
മീരാ ഭായ് ടി.കെ

## ജി.എസ്.ടി. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്വയംഭരണം തകർക്കും: ഡോ. ആർ. മോഹൻ



തിരുവനന്തപുരം: ജി.എസ്.ടി. രാജ്യത്ത് നടപ്പാക്കുന്നതുവഴി കേരളത്തിന് ഏകദേശം 17ശതമാനം സാമ്പത്തിക വളർച്ച ഉണ്ടാകുമെങ്കിലും സംസ്ഥാനത്തിന് നികുതിവരുമാനത്തിലൂടെ ആസൂത്രണപ്രക്രിയ ചെയ്യുന്ന സമ്പ്രദായത്തിന് തിരിച്ചടി ഉണ്ടാകുമെന്ന് പ്രമുഖ സാമ്പത്തിക വിദഗ്ധനും ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിലെ സീനിയർ സയന്റിസ്റ്റുമായ ഡോ. ആർ. മോഹൻ അഭിപ്രായപ്പെട്ടു. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് തിരുവനന്തപുരം മേഖലാപഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ട "ജി.എസ്.ടിയും കേരളവും" എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിന്റെ നികുതിച്ചോർച്ച 25-30ശതമാനത്തിൽ നിന്ന് ഒരുപക്ഷെ 10-15 ശതമാനമായി കുറഞ്ഞേക്കാം. എന്നാൽ നിലവിലുള്ള സേവനനികുതി ഇനത്തിൽ ലഭിക്കുന്ന തുക ഏതാണ്ട് മൂന്നിലൊന്നായി കുറയാനും ഇടയുണ്ട്. സംസ്ഥാനത്തിന് ഏതെങ്കിലും തരത്തിലുള്ള നികുതിയിളവ് വേണമെങ്കിൽ ജി.എസ്.ടി. കൗൺസിലിലിന്റെ അംഗീകാരവും വേണമെന്നുണ്ട്. അതിന് നാലിൽ മൂന്ന് ഭൂരിപക്ഷം ഉണ്ടാവേണ്ടുന്ന അവസ്ഥയുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ജിഎസ്ടിയുടെ ഗുണഗണങ്ങൾ വിപുലമായ ക്യാമ്പയിനിലൂടെ ജനങ്ങളെ ബോധ്യപ്പെടുത്തുവാനും വ്യാപാരസമൂഹം യഥാർഥത്തിൽ നിലവിൽവന്ന തുകമാത്രമേ ജനങ്ങളിൽനിന്ന് ഈടാക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്താനും സംസ്ഥാനസർക്കാർ ആരംഭിച്ച നടപടികൾ ശ്ലാഘനീയമാണ്. ഈ തരത്തിലുള്ള നടപടികൾ കേന്ദ്രസർക്കാരും ജി.എസ്.ടി. കൗൺസിലും അടിയന്തിരപ്രാധാന്യത്തോടെ ചെയ്യണമെന്നും അദ്ദേഹം സൂചിപ്പിച്ചു. മേഖലാ പഠനകേന്ദ്രം കൺവീനർ അഡ്വ. വി.കെ. നന്ദനൻ അധ്യക്ഷത വഹിച്ചു. വൈദ്യശാസ്ത്രമഞ്ജരി പുസ്തകങ്ങളുടെ പ്രകാശനം ഡോ.ആർ. മോഹൻ നിർവഹിച്ചു. ഡോ. ആർ.വി.ജി. മേനോന്റെ "ശാസ്ത്രസാങ്കേതികവിദ്യകളുടെ ചരിത്രം" എന്ന പുസ്തകത്തിന്റെ പ്രീപബ്ലിക്കേഷൻ തുക ഭവൻ യൂണിറ്റ് പ്രസിഡണ്ട് അഡ്വ. കെ. രാധാകൃഷ്ണനിൽനിന്നും ജില്ലാ സെക്രട്ടറി ഷിബു അരുവിപ്പുറം സ്വീകരിച്ചു. മേഖലാപ്രസിഡണ്ട് ടി.പി. സുധാകരൻ സ്വാഗതവും സെക്രട്ടറി പി. പ്രദീപ് നന്ദിയും പറഞ്ഞു.

## മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് ഊർജഗ്രാമമാക്കും - യുവസമിതി



എരിവും പുളിയും പരിപാടിയിൽ കുട്ടികൾ ചേരുന്ന് ഭക്ഷണം പാകം ചെയ്യുന്നു.

മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് പത്താം വാർഡിനെ ഊർജഗ്രാമമാക്കി തീർക്കാൻ യുവസമിതി വാർഷിക യോഗം തീരുമാനിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ വിവിധ പ്രവർത്തന പരിപാടികൾ സംഘടിപ്പിക്കും. ഊർജ്ജ സർവ്വേ, എൽ.ഇ.ഡി.ബൽബ് നിർമ്മാണപരിശിലനം, മുഴുവൻ വീടുകളിലും എൽ.ഇ.ഡി ബൽബുകൾ, ചൂടാറപ്പെട്ടി, ബയോഗ്യാസ് പ്ലാന്റുകൾ, പരിഷത്ത് അടുപ്പ് എന്നിവയുടെ വിപുലമായ പ്രചാരണം, ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കും. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് തുരുത്തിക്കര യൂണിറ്റിലെ പുലരി ബാലവേദിയുടെയും യുവ സമിതിയുടെയും വാർഷികത്തിൽ യുവസമിതി പ്രസിഡണ്ട് നിതിൻ രാജു അദ്ധ്യക്ഷത വഹിച്ചു. ഹിന്ദുസ്ഥാൻ ടൈംസ് (മിന്റ്) ജേർണലിസ്റ്റ് എം.കെ. നിതീഷ് ഉദ്ഘാടനം ചെയ്തു. മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ സുധാ രാജേന്ദ്രൻ, മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് പത്താം വാർഡ് മെമ്പർ നിജി ബിജു, ശാസ്ത്രസാഹിത്യ പരിഷത്ത് മേഖല വൈസ് പ്രസിഡണ്ട് പി.എൻ.ശിശുപാലൻ, പരിഷത്ത് മേഖല പരിസര വിഷയ സമിതി കൺവീനർ പി.കെ. രഞ്ജൻ എന്നിവർ ആശംസകൾ നേർന്നു കൊണ്ട് സംസാരിച്ചു. അരുൺ കെ.ജി ഊർജ്ജ ഗ്രാമം എന്ത് എങ്ങനെ എന്ന വിഷയം അവതരിപ്പിച്ചു. യുവസമിതി സെക്രട്ടറി ബിനില എം.എസ്. ബാലവേദി സെക്രട്ടറി കെ.ബി കൃഷ്ണപ്രിയ എന്നിവർ വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. വാർഷികത്തിന്റെ ഭാഗമായി പ്രകൃതിയും മനുഷ്യനും എന്ന വിഷയത്തിൽ നടത്തിയ കവിതാരചനാമത്സരത്തിൽ അനൂപ് കെ.ജി.വിജയിയായി. ജനറൽ കൺവീനർ ജിതിൻ ഗോപി സ്വാഗതവും ബാലവേദി പ്രസിഡണ്ട് ജിജി എം ഷാജി നന്ദിയും പറഞ്ഞു. ജിബിൻ ടി, ചിന്നു വി.ആർ, യുവസമിതി സെക്രട്ടറി ബിനില എം.എസ്, തുരുത്തിക്കര യൂണിറ്റ് സെക്രട്ടറി എം.കെ. മുരുകേശൻ, പ്രസിഡണ്ട് കെ.എം.പ്രകാശൻ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. വാർഷികയോഗത്തെ തുടർന്ന് നാടൻ രുചികളെ പരിചയപ്പെടുത്തിക്കൊണ്ട് "എരിവും പുളിയും" എന്ന പരിപാടിയും സംഘടിപ്പിച്ചു. ഭാരവാഹികളായി പ്രസിഡണ്ട് ജിതിൻ ഗോപി, വൈസ് പ്രസിഡണ്ട് നിതിൻ രാജു, സെക്രട്ടറി ജിബിൻ ടി, ജോ. സെക്രട്ടറി ലിയ എം രാജു, ട്രഷറർ ബിനില എം എസ് എന്നിവരെ തെരഞ്ഞെടുത്തു.

# ദേശീയ ഹരിത ട്രൈബ്യൂണലിനെ നിർവീര്യമാക്കാനുള്ള കേന്ദ്രസർക്കാർ നടപടിയിൽ വ്യാപകപ്രതിഷേധം

## തൃശ്ശൂർ



തൃശ്ശൂർ : ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ചിറകരിഞ്ഞ് , നീർവീര്യമാക്കി മൂലയ്ക്കിരുത്താനുള്ള തികച്ചും ജനാധിപത്യവിരുദ്ധമായ കേന്ദ്രസർക്കാർ നടപടിയിൽ പ്രതിഷേധിച്ച് കേരള ശാസ്ത്രസാഹിത്യ പരിഷത്ത് തൃശ്ശൂർ ജില്ല കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രകടനവും വിശദീകരണ പൊതുയോഗവും സംഘടിപ്പിച്ചു. കെ.കെ. അനീഷ് കുമാർ, ഡോ: കാവുമ്പായി ബാലകൃഷ്ണൻ, കെ.എസ്.സുധീർ, പ്രൊഫ. എം.ഹരിദാസ്, ടി.വി.വിശ്വംഭരൻ, ഭുവനദാസ്, ബാബു സാലിം, എം.വി.അറുമുഖൻ, ശശികുമാർ പള്ളിയിൽ, ദേവരാജൻ കുറ്റുമുക്ക്, ടി. സത്യനാരായണൻ തുടങ്ങിയവർ പ്രകടനത്തിന് നേതൃത്വം നൽകി. കോർപറേഷൻ ഓഫീസ് പരിസരത്ത് നിന്നാരംഭിച്ച പ്രകടനം നഗരം ചുറ്റി വടക്കേ ബസ്സ്റ്റാന്റ് പരിസരത്ത് സമാപിച്ചു.

ഗംഗയുടെയൊ യമുനയുടെയൊ ഭാരതപ്പുഴയുടെയൊ തീരത്ത് ആർക്കും ഇനി എന്തും ചെയ്യാം! ആരും ചോദിക്കാൻ വരില്ല! മാഫിയകൾക്ക് അനുകൂലവും ജനങ്ങൾക്കും പ്രകൃതിക്കും എതിരുമാണ് ഈ സർക്കാർ എന്ന് തെളിയിക്കപ്പെട്ടതായി ഫോറസ്ട്രി കോളേജ് ഡീൻ ഡോ.കെ. വിദ്യാസാഗർ പൊതുയോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞു.

ജനവാസകേന്ദ്രങ്ങളിൽ നിന്ന് കരിങ്കൽ ക്വാറികളിലേക്കുള്ള ദൂരം 100 മീറ്ററിൽ നിന്ന് 50 മീറ്ററാക്കി കുറയ്ക്കുകയും ലൈസൻസ് കാലാവധി നീട്ടി നൽകുകയും ചെയ്ത സംസ്ഥാന സർക്കാർ നടപടിയും ജനങ്ങൾക്കും പരിസ്ഥിതിക്കുമെതിരെയുള്ള വെല്ലുവിളിയാണ്. തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ലംഘനം തുടർക്കഥയാകുന്നു. വിഴിഞ്ഞം പദ്ധതി സമ്പന്നമായ ജൈവവൈവിദ്ധ്യവും സമുദ്രത്തിലെ ആവാസവ്യവസ്ഥയും നശിപ്പിക്കും. സാമ്പത്തികമായി സംസ്ഥാനത്തിന് വൻ ബാദ്ധ്യതയാകും!

പരിഷത്ത് ജില്ലാ പ്രസിഡണ്ട് എം.എ.മണി അധ്യക്ഷനായി.അഡ്വ.വി.എൻ ഹരിദാസ്, അഡ്വ .കെ .പി .രവി പ്രകാശ് എന്നിവർ സംസാരിച്ചു.

## മുളന്തുരുത്തി




മുളന്തുരുത്തി : മുളന്തുരുത്തി മേഖല ദേശീയ ഹരിത ട്രൈബ്യൂണലിനെ നിർവീര്യമാക്കാനുള്ള കേന്ദ്രസർക്കാർ നടപടിയിൽ പ്രതിഷേധ യോഗം സംഘടിപ്പിച്ചു. മുളന്തുരുത്തി കരവട്ട കുരിശ് നിന്നാരംഭിച്ച ജാഥ പള്ളിത്താഴത്ത് സമാപിച്ചു. ശാസ്ത്രഗതി മാനേജിങ്ങ് എഡിറ്റർ പി.എ.തങ്കച്ചൻ ജാഥ ഉദ്ഘാടനം ചെയ്തു. ജില്ലാ പരിസരവിഷയ സമിതി കൺവീനർ എം.എസ്. മോഹനൻ, മേഖലാപരിസര വിഷയസമിതി കൺവീനർ പി.കെ.രഞ്ജൻ, മേഖല സെക്രട്ടറി കെ.എൻ.സുരേഷ്, ജോ.സെക്രട്ടറി കെ.ജി. സുധീഷ്, വൈസ് പ്രസിഡണ്ട് പി.എൻ ശിശുപാലൻ എന്നിവർ സംസാരിച്ചു

## ഹരിതട്രിബൂണലിനെ നിർവീര്യമാക്കാനുള്ള കേന്ദ്രനീക്കത്തിൽ ശക്തമായ പ്രതിഷേധം ഉയരണം: പരിഷത്ത്

വയനാട് : ഹരിത ട്രിബൂണലിനെ നിർവീര്യമാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ പരിഷത്ത് വയനാട് ജില്ലാ കമ്മിറ്റി കൽപ്പറ്റയിൽ പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു.

രാജ്യം ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുമ്പോൾ ജനങ്ങൾ പ്രതീക്ഷയോടെ കണ്ടിരുന്ന ഹരിത ട്രിബൂണലിന്റെ ചിറകരിയുന്ന സമീപനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായിരിക്കുന്നത്. സർക്കാരിന്റെ താൽപ്പര്യം സംരക്ഷിക്കുന്നവരെ നിയമിക്കാൻ പാകത്തിന് ചട്ടങ്ങൾ ഭേദഗതി ചെയ്യപ്പെടുകയാണ്.

2010 ൽ ലോക്സഭ പാസാക്കിയ ട്രിബൂണൽ ആക്റ്റിന്റെ അടിസ്ഥാനത്തിൽ നിലവിൽ വന്ന ഹരിതട്രിബൂണലിന് സ്വതന്ത്രമായും ശക്തമായും പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു. യമുനാതീരം മലിനമാക്കിയ കേസിൽ ശ്രീ ശ്രീ രവിശങ്കറിനെ കൊണ്ട് പിഴയടപ്പിച്ചത് ഹരിത ട്രിബൂണൽ ആയിരുന്നു.

ട്രിബൂണലിന്റെ മുമ്പിലുള്ള പല കേസുകളിലും പരിസ്ഥിതി മന്ത്രാലയം തന്നെയാണ് പ്രതിസ്ഥാനത്തു വരിക. ആ സാഹചര്യത്തിൽ ട്രിബൂണലിനെ വരുതിയിലാക്കാനുള്ള ശ്രമം അത്യന്തം ആപത്കരമാണ് എന്ന് പ്രതിഷേധക്കൂട്ടായ്മ ഉദ്ഘാടനം ചെയ്തുകൊണ്ട് പരിസരസമിതി കൺവീനർ പി സി ജോൺ പറഞ്ഞു.

എം.കെ ദേവസ്യ, കെ.ദിനേശൻ,പി.അനിൽകുമാർ കെ.ടി ശ്രീവത്സൻ എന്നിവർ നേതൃത്വം നൽകി.

## കോഴിക്കോട്



ദേശീയ ഹരിത ട്രിബ്യൂണലിനെ നിർവീര്യമാക്കാനുള്ള കേന്ദ്രസർക്കാർ നീക്കത്തിനെതിരെ കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ നേതൃത്വത്തിൽ കോഴിക്കോട്ടെ പരിസ്ഥിതി പ്രവർത്തകർ പ്രധിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു. പുതിയ ബസ്റ്റാന്റ് പരിസരത്ത് ചേർന്ന പ്രധിഷേധ കൂട്ടായ്മ പ്രൊ.ടി.പി.കുഞ്ഞിക്കണ്ണൻ ഉദ്ഘാടനം ചെയ്തു. മണലിൽ മോഹനൻ, നദീ സംരക്ഷണസമിതി ചെയർമാൻ രാജൻ, പരിസ്ഥിതി പ്രവർത്തകനായ എം.എ. ജോൺസൻ, കെ.പ്രഭാകരൻ, അശോകൻ ഇളവനി എന്നിവർ സംസാരിച്ചു

## എറണാകുളം



ഹരിത ട്രിബൂണൽ അട്ടിമറിച്ച കേന്ദ്രഗവണ്മെന്റിനെതിരെ ശാസ്ത്രസാഹിത്യപരിഷത്ത് എറണാകുളം ജില്ലാക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പ്രതിഷേധം. എറണാകുളം പട്ടണത്തിൽ പ്രകടനവും തുടർന്ന് ധർണ്ണയുംസംഘടിപ്പിച്ചു.ധർണ്ണയെ അഭിസംബോധന ചെയ്ത് പരിസര കൺവീനർ ആമുഖപ്രഭാഷണവും പ്രശസ്ത അഡ്വക്കേറ്റും പരിസ്ഥിതി പ്രവർത്തകനുമായ ഹരീഷ് വാസുദേവ് മുഖ്യപ്രഭാഷണവും നടത്തി. പ്രൊഫ.എം.കെ. പ്രസാദ്, ഡോ.ചന്ദ്രമോഹൻ കുമാർ(ചെയർമാൻ,പരിസര വിഷയസമിതി), ജില്ലാ സെക്രട്ടറി കെ.കെ.ഭാസ്കരൻ,ജില്ലാ വൈസ്പ്രസിഡണ്ട് സി.ഐ. വർഗീസ്, എം.കെ.ദേവരാജൻ തുടങ്ങിയവർ ധർണയ്ക്ക് നേതൃത്വം നൽകി. കൃഷ്ണൻകുട്ടി നന്ദിപ്രകടനവും നടത്തി.

## "ജൻഡർ റിസോഴ്സ് സെന്റർ" - സാധ്യതകൾ തിരിച്ചറിഞ്ഞ് ശില്പശാല



മൂവാറ്റുപുഴ : സംസ്ഥാന തല ജൻഡർ വിഷയസമിതിയുടെ നേതൃത്വത്തിൽ സ്ത്രീ സൗഹൃദപഞ്ചായത്ത്-ദ്വിദിന ശില്പശാലകളിൽ ആദ്യത്തേത് ജൂലൈ 1,2 തീയതികളിൽ മൂവാറ്റുപുഴ മേഖലയിലെ വാളകം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്നു. പരിഷത്ത് എറണാകുളം ജില്ലാ പ്രസിഡണ്ട് കെ ആർ ശാന്തീദേവിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ വാളകം പഞ്ചായത്ത് പ്രസിഡന്റും പരിഷത്ത് പ്രവർത്തകയുമായ ലീല ബാബു ഉദ്ഘാടനം ചെയ്തു. സ്വാഗതസംഘം പ്രസിഡണ്ട് പി പി മത്തായി സ്വാഗതവും കൺവീനർ കെ. കെ. മാത്തുക്കുട്ടി നന്ദിയും പറഞ്ഞു.

ഒന്നാമത്തെ സെഷനിൽ അംഗങ്ങൾ ഗ്രൂപ്പുകളായി വികേന്ദ്രീകൃതാസൂത്രണത്തിന്റെ ശക്തി, ദൗർബ്ബല്യങ്ങൾ, സാധ്യതകൾ, ഭീഷണികൾ എന്നിവ ചർച്ച ചെയ്ത് അവതരിപ്പിച്ചു. ചർച്ചകൾ ക്രോഡീകരിച്ചുകൊണ്ട് അധികാരവികേന്ദ്രീകരണത്തിന്റെ രാഷ്ട്രീയം എന്ന വിഷയം ഡോ.രാജേഷ് ആവതരിപ്പിച്ചു.

രണ്ടാമത്തെ സെഷനിൽ കുടുംബം/പൊതുഇടം, പൊതുസ്ഥാപനങ്ങൾ, തൊഴിലിടങ്ങൾ, മതം/സംഘടനകൾ എന്നിവിടങ്ങളിൽ നിലനില്ക്കുന്ന വിവേചനരൂപങ്ങൾ ഗ്രൂപ്പ് ചർച്ചയിലൂടെ തിരിച്ചറിഞ്ഞു.

സെഷൻ മൂന്നിൽ ലിംഗ പദവി രൂപപ്പെടലിന്റെ ചരിത്രവും വർത്തമാനവും എന്ന വിഷയം അജില ടീച്ചറും, ലിംഗതുല്യത-പരിഷത്ത് ഇടപെടൽ, അനുഭവം എന്ന വിഷയം പി എസ് ജൂനയും അവതരിപ്പിച്ചു. പലരും മനസ്സിൽ കൊണ്ടുനടന്നിരുന്ന തെറ്റിദ്ധാരണകളേയും പിഴുതു മാറ്റുന്നതായിരുന്നു ഡോ.കെ ജി രാധാകൃഷ്ണൻ എടുത്ത സയൻസ് ഓഫ് ജൻഡർ എന്ന ക്ലാസ്സ്. ലിംഗപദവി വിവേചനത്തിന് യാതൊരു ശാസ്ത്രീയ അടിത്തറയുമില്ലെന്നും അത് സമൂഹസൃഷ്ടി മാത്രമാണെന്നും ഈ ക്ലാസ്സിലൂടെ അംഗങ്ങൾക്ക് ബോധ്യമായി.

നാലാമത്തെ സെഷനിൽ ജൻഡർ റിസോഴ്സ് സെന്റർ, ജൻഡർ റിസോഴ്സ് ഗ്രൂപ്പ് തുടങ്ങി തദ്ദേശഭരണ ആസൂത്രണ മാർഗ്ഗരേഖ നല്കുന്ന സാധ്യതകൾ പി വി വിനോദ് അവതരിപ്പിച്ച് ചർച്ച ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഡോ.രാജേഷിന്റെ നേതൃത്വത്തിൽ വിവിധ മേഖലകളിലെ പ്രവർത്തനസാധ്യതാ ഭൂപടം തയ്യാറാക്കി.

ജൻഡർ റിസോഴ്സ് സെന്റർ, ജൻഡർ റിസോഴ്സ് ഗ്രൂപ്പ് എന്നിവയ്ക്ക് പ്രാദേശിക സർക്കാരിലുള്ള ഇടം, പങ്ക്, പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്ക് വ്യക്തത വരുത്തുന്ന സെഷനായിരുന്നു അടുത്തത്. ഇവ രൂപീകരിച്ച് മാതൃകാപരമായി പ്രവർത്തിച്ചാൽ പ്രാദേശികമായി എല്ലാ വികസനമേഖലകളിലും ഇടപെടൽ സാധ്യതകൾ വർദ്ധിക്കുന്നു എന്ന് ബോധ്യപ്പെടുത്തുന്ന ക്ലാസ്സുകളായിരുന്നു ഇവരുടേത്. തുടർന്ന് ഇന്റേണൽ കംപ്ളെയിന്റ് കമ്മറ്റി സംബന്ധിച്ച് അഡ്വ. രാജശ്രീ ക്ലാസ്സ് എടുത്തു. യൂണിറ്റുകളിൽ നടക്കേണ്ട തുല്യതാസംഗമത്തിന്റെ മൊഡ്യൂൾ അവതരണവും ട്രൈഔട്ടും തുറന്ന ചർച്ചക്ക് വേദിയൊരുക്കി.

പാലക്കാട്, തൃശ്ശൂർ, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിലെ 10 പഞ്ചായത്തുകളിൽ മാതൃകാപരമായി ജൻഡർ റിസോഴ്സ് സെന്റർ, ജൻഡർ റിസോഴ്സ് ഗ്രൂപ്പ് എന്നിവ രൂപീകരിക്കുന്നതിന തീരുമാനിച്ചു. ഈ നാലു ജില്ലകളിൽ നിന്നായി 65പേർ (ജനപ്രതിനിധികൾ-17, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ-13, സിഡിഎസ്-3, ആസൂത്രണസമിതി ഉപാദ്ധ്യക്ഷന്മാർ-2, പരിഷത്ത് പ്രവർത്തകർ-30) പങ്കെടുത്തു.

വാളകം പഞ്ചായത്ത് പ്രസിഡണ്ട് ലീല ബാബുവിന്റെ മുഴുവൻസമയ പങ്കാളിത്തവും നേതൃത്വവും വേറിട്ട അനുഭവമായി. ക്യാമ്പിന വേണ്ട ഭക്ഷണം സൗജന്യമായി പാചകം ചെയ്തുതന്ന് വാളകം പഞ്ചായത്ത് കുടുംബശ്രീ പ്രവർത്തകർ മാതൃകയായി. പിഎസ് ജൂന ക്യാമ്പ് ഡയറക്ടറായിരുന്നു.

## ജൻഡർ ജില്ലാ കൺവെൻഷൻ



പരിഷത്ത് തൃശ്ശൂർ ജില്ലാ ജൻഡർ കൺവെൻഷൻ സംസ്ഥാന വൈസ് പ്രസിഡണ്ട് പി.എസ്.ജൂന ഉദ്ഘാടനം ചെയ്യുന്നു.

തൃശ്ശൂർ: ശാസ്ത്രസാഹിത്യ പരിഷത്ത് ജൻഡർ വിഷയ സമിതിയുടെ ആഭിമുഖ്യത്തിൽ തൃശ്ശൂർ പരിസര കേന്ദ്രത്തിൽ വച്ച് ജില്ലാ കൺവെൻഷൻ സംഘടിപ്പിച്ചു. ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ നിന്ന് നൂറോളം പ്രതിനിധികൾ പങ്കെടുത്തു.

സംസ്ഥാന വൈസ് പ്രസിഡണ്ട് പി.എസ്.ജൂന കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. സ്ത്രീകൾക്കിടയിലെ ഉന്നത വിദ്യാഭ്യാസം തൊഴിലിടങ്ങളിൽ പ്രതിഫലിക്കുന്നില്ലെന്ന് അവർ പറഞ്ഞു. വിദ്യാഭ്യാസം നേടിയ സ്ത്രീകൾ കുടുംബിനികളായി ഒതുങ്ങുന്നു. ഇത് ഒരു സാമൂഹ്യപ്രശ്നമാണ്. ലിംഗനീതി ഉറപ്പാക്കുന്ന ഒരു സമൂഹത്തിന് വേണ്ടിയാണ് പരിഷത്തിന്റെ പോരാട്ടമെന്ന് അവർ ചൂണ്ടിക്കാട്ടി.

"ഭരണഘടനയും ലിംഗസമത്വവും സമകാലീന ഇന്ത്യയിൽ" എന്ന വിഷയത്തിൽ അഡ്വ.എം.എം.ഗ്രേസി സംസാരിച്ചു. വ്യക്തിനിയമങ്ങളിലെ സ്ത്രീവിരുദ്ധതകൾക്കെതിരെ സ്ത്രീകളും സാമൂഹ്യ പ്രസ്ഥാനങ്ങളും മുന്നോട്ട് വരണമെന്ന് അവർ അഭിപ്രായപ്പെട്ടു.

പരിഷത്ത് ജില്ല ജൻഡർ കമ്മറ്റി റെയിൽവെ പുറമ്പോക്ക് പരിസരവാസികളുടെ ജീവിത പശ്ചാത്തലം സംബന്ധിച്ച് നടത്തിയ പഠനത്തിന്റെ റിപ്പോർട്ട്, എം.ജി ജയശ്രീ അവതരിപ്പിച്ചു.

വിഷയസമിതി ചെയർപേഴ്സൺ സി.വിമല അദ്ധ്യക്ഷത വഹിച്ചു. അഡ്വ.കെ.പ്രസന്ന, അംബിക സോമൻ, കെ.എസ്. ജയ, കെ.പി.അനിത, എം.എ മണി, കെ.എസ്.സുധീർ എന്നിവർ സംസാരിച്ചു.

## സ്ത്രീ സൗഹൃദ കൂട്ടായ്മ



ആമ്പല്ലൂർ: കേരള ശാസ്ത്രസാഹിത്യ പരിഷത്ത് മുളന്തുരുത്തി മേഖല ജൻഡർ വിഷയസമിതിയുടെ ആഭിമുഖ്യത്തിൽ സ്ത്രീ സൗഹൃദ കൂട്ടായ്മ സംഘടിപ്പിച്ചു. ആമ്പല്ലൂർ 19 നമ്പർ സർവ്വീസ് സഹകരണ സംഘം ഹാളിൽ ചേർന്ന യോഗത്തിൽ മേഖല ജെൻഡർ വിഷയ സമിതി കൺവീനർ ടി.സി.ലക്ഷ്മി, മേഖല പ്രസിഡണ്ട് എ.ഡി.യമുന, ആമ്പല്ലൂർ യൂണിറ്റ് സെക്രട്ടറി ജലജ റെജി, മേഖല കമ്മിറ്റി അംഗം സി ചന്ദ്രമണി എന്നിവർ സംസാരിച്ചു.എല്ലാ മാസവും രണ്ടാമത്തെ ഞായറാഴ്ചകളിൽ കൂടി ചേരുവാൻ തീരുമാനിച്ചു

## വൈദ്യശാസ്ത്രമഞ്ജരി പ്രകാശനം



ഡോക്ടർ വിദ്യാധരൻ (DMO) ബി .ഷൈല(പ്രിൻസിപ്പൽ ഗവ: സ്കൂൾ ഓഫ് നഴ്സിംഗ് വിദ്യാർഥിക്ക് വൈദ്യശാസ്ത്രമഞ്ജരി നൽകിക്കൊണ്ട് പ്രകാശനം നിർവഹിക്കുന്നു.

കോട്ടയം : 14 -07 -2017 ന് കോട്ടയം ഗവ: സ്കൂൾ ഓഫ് നഴ്സിംഗ് ഓഡിറ്റോറിയത്തിൽ വച്ച് വൈദ്യ ശാസ്ത്ര മഞ്ജരിയുടെ പ്രകാശനം ബി .ഷൈലയ്ക്ക് (പ്രിൻസിപ്പൽ ഗവ:സ്കൂൾ ഓഫ് നഴ്സിംഗ്) നൽകിക്കൊണ്ട് ഡോക്ടർ വിദ്യാധരൻ (ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർ ,കോട്ടയം) നിർവഹിച്ചു.വൈദ്യ ശാസ്ത്രം ഇത്രയേറെ പുരോഗമിച്ച കാലത്തും ആരോഗ്യ വിദ്യാഭ്യാസത്തിന്റെ കുറവ് മൂലം വിദ്യാസമ്പന്നർ പോലും രോഗത്തിന് അടിമയാകുകയും മരിക്കുകയും ചെയ്യുന്ന കേരളത്തിലെ ഇന്നത്തെ സാഹചര്യത്തിൽ പരിഷത്തിന്റെ സേവനം വളരെ വിലപ്പെട്ടതാണ്എന്ന് ഡോക്ടർ വിദ്യാധരൻ അഭിപ്രായപ്പെട്ടു. പുസ്തകം ഏറ്റു വാങ്ങിക്കൊണ്ടു ബി. ഷൈല സംസാരിച്ചു പി. പ്രകാശൻ (കൺവീനർ, വിദ്യാഭ്യാസവിഷയസമിതി, പരിഷത്ത് കോട്ടയം ജില്ലാ കമ്മറ്റി) പുസ്തകം സദസ്സിന പരിചയപ്പെടുത്തി.

കോട്ടയം ജില്ലാസെക്രട്ടറി അധ്യക്ഷത വഹിച്ച യോഗത്തിന മെറീന (കോട്ടയം മേഖലാസെക്രട്ടറി) സ്വാഗതവും സുമിങ് ഫാത്തിമ (മൂന്നാം വർഷ നഴ്സിങ് വിദ്യാർഥിനി) നന്ദിയും പറഞ്ഞു.

## വൈദ്യശാസ്ത്ര മഞ്ജരി പ്രകാശനം ചെയ്തു

കാസർഗോഡ് : വൈദ്യശാസ്ത്രമഞ്ജരിയുടെ ജില്ലാതല പ്രകാശനം നടന്നു. ജൂൺ 25 ന് തൃക്കരിപ്പൂർ മേഖലയിൽ bച്ചാണ് പ്രകാശനം നടന്നത്. പ്രശസ്തകവിയും പുരോഗമന കലാസാഹിത്യസംഘം ജില്ലാ പ്രസിഡണ്ടുമായ സി.എം. വിനയചന്ദ്രൻ മാഷ് പ്രകാശനം നിർവഹിച്ചു. ജില്ലാ പ്രസിഡണ്ട് പി.വി.പ്രദീപ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ സെക്രട്ടറി വി.മധുസൂദനൻ സ്വാഗതവും ബിനേഷ് കെ.വി. നന്ദിയും പറഞ്ഞു.

# യുറീക്കാ ബാലോൽസവം സമാപിച്ചു.



യുറീക്ക ബാലോൽസവം പാത്രത്തിൽ ഐസ് കട്ടകത്തിച്ച് ശാസ്ത്ര പരീക്ഷണം നടത്തി എൻ.കെ.നാരായൺ ഉദ്ഘാടനം ചെയ്യുന്നു.

നിലമ്പൂർ മേഖലയിലെ പന്ത്രണ്ട് ബാലവേദി യൂണിറ്റിൽ നിന്നുള്ള കുട്ടികൾ പങ്കെടുത്ത ശാസ്ത്രോത്സവം പൂക്കോട്ടുംപാടത്ത് സമാപിച്ചു. സംസ്ഥാനത്തെ ഏറ്റവും മികച്ച ബദൽ സ്കൂൾ അധ്യാപകനുള്ള അമൃത ടി.വി. അവാർഡ് ജേതാവ് എൻ.കെ.നാരായണൻ ഐസ്കട്ട കത്തിച്ച് ഉദ്ഘാടനം ചെയ്തു. പി.എസ്. രഘുറാമിന്റെ നേതൃത്വത്തിൽ ചാന്ദ്രദിനാചാരണ പരിശീലനം നടന്നു. പി.ശരത് മാസ്റ്റർ മാഡം ക്യൂറിയുടെ 150-ാം ജന്മവർഷിക പരിപാടികളും വിജ്ഞാനോത്സവവും അവതരിപ്പിച്ചു. ബാലവേദി കളികളും പാട്ടുകളും ബാലവേദി ജില്ലാ കൺവീനർ ലിനീഷ് അവതരിപ്പിച്ചു. തുടർന്ന് കുട്ടികൾ ക്യാമ്പിൽ വെച്ച് രൂപപ്പെടുത്തിയ സബ്ദേശ് ഹമാരദേശ് എന്ന നാടകാവിഷ്കാരം നടത്തി.

വനജ.കെ, രാജീവ്.സി, എൻ.എൻ.സുരേന്ദ്രൻ, കെ.പി. അരവിന്ദാക്ഷൻ. കെ.കെ. രാജേന്ദ്രൻ, നവാസ് അലി, അഡ്വ.കെ.കെ.രാധാകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

# പനിക്കെതിരെ ജാഗ്രതാസായാഹ്നം




നിലമ്പൂർ : പനിയും പനി മരണങ്ങളും വ്യാപകമായ പശ്ചാത്തലത്തിൽ ജനങ്ങൾക്കിടയിൽ ആശങ്ക അകറ്റുന്നതിനും സ്വകാര്യചികിത്സകർ നടത്തുന്ന |അമിതചൂഷണത്തെ അന്വേഷണവിധേയമാക്കണമെന്ന് ആവശ്യപ്പെട്ടും ശാസ്ത്രസാഹിത്യപരിഷത്ത് എടക്കരയിൽ ജാഗ്രതാസായാഹ്നം സംഘടിപ്പിച്ചു.

നിലമ്പൂർ മേഖലയിൽ പനിമരണം 9 ആയി. 483 പേരാണ് പനിബാധിതരായി റിപ്പോർട്ട് ചെയ്തത്.അതിൽ 90 പേർ ഡങ്കിബാധിതരാണ്. മരണമടഞ്ഞത് സ്വകാര്യ ആശുപത്രിയിൽ ചികിൽസ തേടിയവരാണ് എന്നത് ദുരുഹത വർദ്ധിപ്പിക്കുന്നു. അമിത മരുന്നുപയോഗം ആണ് ഇവിടെയുള്ളത്. ഇതിൽ വിദഗ്ധ അന്വേഷണം വേണമെന്ന് പരിഷത്ത് ആവശ്യപ്പെട്ടു. അഡ്വ: കെ.കെ രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. പി.നവാസലി, പി.ശ്രീജ, കെ.മധുസൂദനൻ, കെ.അരവിന്ദാക്ഷൻ എന്നിവർ പ്രകടനത്തിന് നേതൃത്യം നൽകി.

കെ. രാജേന്ദ്രൻ, പി. സജൻ, എസ്.ബി.ഷാജി, സുനിൽ കമ്മത്ത്, എന്നിവർ പ്രസംഗിച്ചു.

പി.സുരേന്ദ്രൻ സ്വാഗതവും പി.ഹർഷക്ക് നന്ദിയും പറഞ്ഞു.

# ആരോഗ്യ സംഗമം



ഫോട്ടോ : സംസ്ഥാന സെക്രട്ടറി മനോഹരൻ ഉദ്ഘാടനം ചെയ്യുന്നു

ചെർപ്പുളശ്ശേരി: പാലക്കാട് ജില്ലയിലെ പടിഞ്ഞാറൻ മേഖലക്ലസ്റ്ററിന്റെ ആരോഗ്യ സംഗമം ചെർപ്പുളശ്ശേരി മേഖലയിൽ നടന്നു. തിരുവാഴിയോട് വച്ചു ജൂലൈ 14ന് നടന്ന ആരോഗ്യസംഗമം, പരിഷത്ത് സംസ്ഥാന സെക്രട്ടറി കെ.മനോഹരൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. പ്രാഥമികാരോഗ്യ പരിരക്ഷ ജനപങ്കാളിത്തത്തോടെ എന്ന വിഷയം സംസ്ഥാന ആരോഗ്യവിഷയസമിതി അംഗവും ആർദ്രം മിഷൻ സംസ്ഥാന റിസോഴ്സ് പേഴ്സസണുമായ വി.ദിനേശഷ് അവതരിപ്പിച്ചു.

തുടർന്ന് തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ വിപുലമായ കൺവെൻഷൻ വിളിച്ചുചേർക്കാൻ തീരുമാനിച്ചു. ജില്ല സെക്രട്ടറി കെ.എസ്. നാരായണൻ കുട്ടി, ജില്ല കൺവീനർ സുധീർ വി.പി, ബാലസുബ്രഹ്മണ്യൻ മാസ്റ്റർ എന്നിവർ സംസാരിച്ചു.

# "കോർപറേറ്റ് ചതിക്കുഴികൾ" പുസ്തകചർച്ച



കോർപ്പറേറ്റ് ഡിസെപ്ഷൻ പുസ്തക ചർച്ചയിൽ പി.പി സദാനന്ദൻ മറുപടി പ്രസംഗം നടത്തുന്നു

കോഴിക്കോട് : പി.പി സദാനന്ദൻ ഡി.വൈ.എസ്.പി രചിച്ച കോർപ്പറേറ്റ് ഡിസെപ്ഷൻ അഥവാ കോർപ്പറേറ്റ് ചതിക്കുഴികൾ എന്ന പുസ്തകം സാമ്പത്തികമേഖലയിലെ ക്രിമിനൽവൽക്കരണം എത്രമാത്രം ആഴത്തിൽ പടർന്നു പിടിച്ചിരിക്കുന്നു എന്ന് വ്യക്തമാക്കുന്നു. ശാസ്ത്ര സാഹിത്യ പരിഷത്ത് കോഴിക്കോട് ജില്ലാപഠനകേന്ദ്രവും പരിഷത്ത് വായനശാലയും സംയുക്തമായാണ് പുസ്തക ചർച്ച സംഘടിപ്പിച്ചത്

10,000 കോടി രൂപയാണ് കേരളത്തിൽ ഇത്തരത്തിൽ കടത്തിക്കൊണ്ടു പോകുന്നത്.

പൊതുസമൂഹത്തിന്റെയും രാഷ്ട്രീയ പാർട്ടികളുടെയും അജണ്ടയിൽ ഈ സാമ്പത്തിക ക്രിമിനൽ വൽക്കരണം നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനുള്ള വ്യാപകമായ പ്രചാരണപ്രവർത്തനം സംഘടിപ്പിക്കണം. നേരത്തേ സാമ്പത്തികശാസ്ത്ര അധ്യാപകനായിരുന്ന പി.പി സദാനന്ദന് ഈ മേഖലയെ നന്നായി അപഗ്രഥിക്കുവാൻ ഗ്രന്ഥകർത്താവ് എന്ന രീതിയിൽ സാധിച്ചിട്ടുണ്ട്. ഇതിന്റെ മലയാളം പതിപ്പിനു വേണ്ടി പരിഷത്തും പരിശ്രമിക്കുമെന്ന് പുസ്തക അവലോകനം നടത്തിയ സാമ്പത്തിക ശാസ്ത്രജ്ഞൻ ടി.പി കുഞ്ഞിക്കണ്ണൻ പറഞ്ഞു. ക്രിമിനൽ ശാസ്ത്രമേഖലയിൽ പുതിയ ഗവേഷണതലമാണ്. ഈ പുസ്തകം തുറന്നിട്ടിരിക്കുന്നത്. കേരളത്തിൽ മാത്രം 152 ലധികം സ്ഥാപങ്ങൾ ഈ സാമ്പത്തിക ക്രിമലീനികരണത്തിൽ പങ്കെടുക്കുന്നുണ്ട്. ഇന്ത്യയിലും ആഗോളതലത്തിലും പിരമിഡ് , ബൈനറി തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ നിയമവും വ്യവസ്ഥയും സമർത്ഥമായി അതിജീവിക്കുന്നു. ആട്, മാഞ്ചിയം തട്ടിപ്പിന്റെ തലത്തിൽപുതിയ തട്ടിപ്പ് രീതികൾ വരുന്നു. വലിയ സമൂഹ്യസേവനത്തിന്റെയും വമ്പൻ സ്പോൺസർഷിപ്പിലൂടെയും മറവിലാണ് ഈ തട്ടിപ്പ്, മുച്ചീട്ട് കളിയുടെ തന്ത്രമാണ് കമ്പ്യൂട്ടർ ഉപയോഗിച്ച് പണമിരിട്ടിപ്പ് സംഘം സ്വരൂപിക്കുന്നത്. ഭാവികേരളം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് സാമ്പത്തിക ക്രിമലീകരണം. പുതിയൊരു ക്രൈം മേഖല തുറന്നിരിക്കുകയാണെന്ന് പുസ്തകത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ശക്തികൾ ആഗോളതലത്തിൽ വ്യാപിച്ചിട്ടുണ്ട്. മണി സർക്കുലേഷൻ സ്കീം ക്രൈം തന്നെയാണന്ന് ഈ പുസ്തകം പറയുന്നത്. ചീട്ടുകളി പോലെ തന്നെയാണ് ഇത്. ഇത്തരം സ്കീമുകളുടെ അടിസ്ഥാനം ചൂതാട്ടമാണന്ന് പുസ്തകം രേഖപ്പെടുത്തുന്നു. ഇന്ത്യയിൽ സ്റ്റോക്ക്ഗുരു ഇത്തരം സ്ഥാപനമാണന്ന് പോലീസ് ചാർജ് ഷീറ്റിൽ പറയുന്നുണ്ട്.

എം. പങ്കജാക്ഷൻ, എം.പി ഭട്ടതിരിപ്പാട്, സി.പി ഹരിദ്രൻ, എന്നിവർ സംസാരിച്ചു. പി.പി സദാനന്ദൻ മറുപടി പ്രസംഗം നടത്തി. പഠനകേന്ദ്രം ചെയർമാൻ വി.ചന്ദ്രബാബു നന്ദി പറഞ്ഞു

## ഗ്രാമപത്രം

**ഖനന നിയമത്തിൽ ഇളവുകൾ നല്കി ഖനനത്തെ പ്രോത്സാഹിപ്പിക്കുകയല്ല വേണ്ടത്**

**നിർമാണരംഗത്ത് ഗ്രീൻകോഡ് നടപ്പിൽ വരുത്തി ഖനനം പൊതുനിയന്ത്രണത്തിൽ കൊണ്ടുവരുകയാണ് വേണ്ടത്**

**പ്രകടനപത്രികയിലെ ഉത്തരവാദിത്തം കേരളസർക്കാർ നടപ്പിലാക്കണം.**

## ഉദ്യോഗാർത്ഥികൾക്ക് അത്താണിയായി പരിഷത്ത്



വി.കെ.ചന്ദ്രൻ ഉത്ഘാടനം ചെയ്യുന്നു.

കൂറ്റനാട് : ശാസ്ത്രസാഹിത്യ പരിഷത്ത് തൃത്താല മേഖലയുടെ നേതൃത്വത്തിൽ ആരംഭിച്ച പി.എസ്.സി. പരിശീലനത്തിൽ പങ്കെടുത്തവർക്ക് ജൂലൈ 14ന് മാതൃകാ പരീക്ഷ നടത്തി. പരിശീലനത്തിന് വി.ഗംഗാധരൻ, എം.രാജൻ, ഇ.എം.വാസുദേവൻ, വി.പി.സുബ്രഹ്മണ്യൻ, ഉഷ, മണികണ്ഠൻ, മഹേഷ്, ഉമ, സുഭാഷ് എന്നിവർ നേതൃത്വം നൽകി.

ആദ്യ ബാച്ചിന്റെ യാത്രയയപ്പു സമ്മേളനം മുൻ എം.എൽ.എ. വി.കെ.ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. പട്ടിത്തറ പഞ്ചായത്ത് മെമ്പർ ടി.കെ. വിജയൻ അധ്യക്ഷനായി. വി.ഗംഗാധരൻ, വി.പി.സു ബ്രഹ്മണ്യൻ, എം.വി.രാജൻ (എച്.എം.ജി.എച്.എസ് വട്ടേനാട്) തുടങ്ങിയവർ സംസാരിച്ചു. ഈ മാസം അവസാനത്തോടുകൂടി കെ. ടെറ്റ് മത്സര പരീക്ഷക്കുള്ള പരിശീലനം ആരംഭിക്കും.

## മാളേകാട് യൂണിറ്റ് ഉദ്ഘാടനം



ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ജോൺ ജേക്കബ് ഉദ്ഘാടനം ചെയ്തു കൊണ്ട് സംസാരിക്കുന്നു

മുളന്തുരുത്തി : ശാസ്ത്രസാഹിത്യ പരിഷത്ത് മുളന്തുരുത്തി മേഖലയിലെ പതിനൊന്നാമത് യൂണിറ്റായ മാളേകാട് യൂണിറ്റ് നിലവിൽ വന്നു. "മാലിന്യ സംസ്കരണവും കേരള സമൂഹവും" എന്ന വിഷയത്തിൽ ക്ലാസ്സും സംഘടിപ്പിച്ചു. ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ജോൺ ജേക്കബ് ഉദ്ഘാടനം ചെയ്തു കൊണ്ട് സംസാരിച്ചു. ശാസ്ത്ര സാഹിത്യ പരിഷത് മുൻ പ്രസിഡണ്ട് പ്രൊഫ.പി.കെ.രവിന്ദ്രൻ മാലിന്യ സംസ്കരണവും കേരള സമൂഹവും എന്ന വിഷയത്തിൽ ക്ലാസ്സ് എടുത്തു യൂണിറ്റ് പ്രസിഡണ്ട് കെ.വി. ധനേഷ് അദ്ധ്യക്ഷത വഹിച്ച യോഗത്തിന് സെക്രട്ടറി ധന്യ പ്രമോദ് സ്വാഗതം പറഞ്ഞു. എറണാകുളം ജില്ലാ കമ്മിറ്റി അംഗം കെ.പി.രവികുമാർ, മുളന്തുരുത്തി മേഖല പ്രസിഡണ്ട് എ.ഡി.യമുന, പരിസര വിഷയ സമിതി കൺവീനർ പി.കെ. രഞ്ജൻ എന്നിവർ ആശംസകൾ നേർന്നു കൊണ്ട് സംസാരിച്ചു. അതുല്യ രാജു യോഗത്തിന് നന്ദി പറഞ്ഞു. മേഖല സെക്രട്ടറി കെ.എൻ. സുരേഷ്, വൈസ് പ്രസിഡണ്ട് പി.എൻ.ശിശുപാലൻ, ബാലവേദി കൺവീനർ കെ.കെ.പ്രദീപ് കുമാർ എന്നിവർ സന്നിഹിതരായിരിന്നു.

## കിണർ റീച്ചാർജിംഗ് പരിശീലനം



പാറമ്മൽ: കേരള ശാസ്ത്രസാഹിത്യ പരിഷത്ത് വാഴയൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പാറമ്മൽ അങ്ങാടിയിൽ വച്ച് മിനി കിണർ റീചാർജിംഗ് യൂണിറ്റിന്റെ പ്രദർശനവും പരിശീലന ക്ലാസും നടത്തി. ഐ.ആർ.ടി.സി വികസിപ്പിച്ചെടുത്ത ഫിൽറ്ററിംഗ് യൂണിറ്റാണ് ജനങ്ങളെ പരിചയപ്പെടുത്തിയത്. വിജയൻ കോന്നത്ത് പ്രദർശന ക്ലാസ് കൈകാര്യം ചെയ്തു. എസ്. ഹരിദാസ് ആദ്ധ്യക്ഷ്യം വഹിച്ച യോഗത്തിൽ എ ചിത്രാംഗദൻ, പി.കെ. വിനോദ് കുമാർ എന്നിവർ സംസാരിച്ചു.

## കുടുംബശ്രീ അംഗങ്ങൾക്കുള്ള ഓറിയന്റേഷൻ ക്ലാസ്



തിരുവനന്തപുരം: കുടുംബശ്രീ പ്രവർത്തകർക്കുവേണ്ടി കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ പ്രവർത്തനത്തെ പരിചയപ്പെടുത്തിക്കൊണ്ട് പരിഷദ് ഭവനിൽ ക്ലാസ് സംഘടിപ്പിച്ചു. മുൻ സംസ്ഥാന പ്രസിഡണ്ട് ആർ. രാധാകൃഷ്ണൻ പരിഷത്തിന്റെ പിറവിയെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും ക്ലാസ്സെടുത്തു. ചൂടാറാപ്പെട്ടി, പരിഷത്ത് അടുപ്പ്, പ്രൊഡക്ഷൻസെന്റർ, ഐ.ആർ.ടി.സി. തുടങ്ങിയവ പരിചയപ്പെടുത്തി. ജില്ലയിലെ വിവിധ സ്ഥലങ്ങളിൽനിന്നും തൊഴിൽ പരിശീലനത്തിൽ പങ്കെടുത്ത 30-ഓളം പ്രവർത്തകരാണ് ക്ലാസ്സിലുണ്ടായിരുന്നത്. കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ പുതിയതായി തൊഴിൽസംരംഭം തുടങ്ങാനാഗ്രഹിക്കുന്നവരാണ് ഇവർ. മേഖലാ ജന്റർ കൺവീനർ എസ്. സിന്ധു അധ്യക്ഷത വഹിച്ചു. മേഖലാ സെക്രട്ടറി പി. പ്രദീപ്, കുടുംബശ്രീ ട്രെയിനർ രജീഷ് എന്നിവർ സംബന്ധിച്ചു. കവിത നന്ദി പറഞ്ഞു.

## ആവിഷ്കാരസ്വാതന്ത്ര്യത്തെ അപായപ്പെടുത്തുന്നതിനെതിരെ ജനകീയ കൂട്ടായ്മ ശക്തിപ്പെടണം: വി.കെ. ജോസഫ്



തിരുവനന്തപുരം: സ്വതന്ത്ര ചിന്തകൾ കൊലചെയ്യപ്പെടുകയും ആവിഷ്കാരസ്വാതന്ത്ര്യം തകർക്കപ്പെടുകയും ചെയ്യുന്ന വർത്തമാനകാലഇന്ത്യൻ സാഹചര്യത്തിൽ ജനകീയ കൂട്ടായ്മകൾക്ക് വളരെയേറെ പ്രസക്തിയുണ്ടെന്ന് ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇന്ത്യയുടെ കേരളഘടകം സെക്രട്ടറി വി.കെ. ജോസഫ് അഭിപ്രായപ്പെട്ടു. പൊതുഇടങ്ങളും പൊതുബോധവും നഷ്ടപ്പെടുകയും സൗഹൃദങ്ങൾക്കുപകരം ജാതി-മത സങ്കുചിത ചിന്തകളും അന്ധവിശ്വാസങ്ങളും മൂർച്ഛിച്ചുവരികയും ചെയ്യുന്ന ദുരവസ്ഥകളെ കൂട്ടായി പ്രതിരോധിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് കുടപ്പനക്കുന്ന് യൂണിറ്റിന്റെയും പീപ്പിൾസ് ഫിലിം സൊസൈറ്റിയുടെയും ആഭിമുഖ്യത്തിൽ രൂപം കൊടുത്ത പീപ്പിൾസ് തിയേറ്ററിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

നല്ല സിനിമകളും നാടകങ്ങളും പൊതുഇടങ്ങളിൽ പ്രദർശിപ്പിക്കുന്നതിന് എല്ലാവിധ സഹകരണവും ഫെഡറേഷന്റെ ഭാഗത്തുനിന്നുണ്ടാവുമെന്നും വി.കെ. ജോസഫ് പറഞ്ഞു.

കുടപ്പനക്കുന്ന് യൂണിറ്റ് മുൻ സെക്രട്ടറി സി. ഗോപിനാഥൻനായർ അധ്യക്ഷത വഹിച്ചു. മേഖലാസെക്രട്ടറി പി. പ്രദീപ് ആശംസകളർപ്പിച്ചു സംസാരിച്ചു. പീപ്പിൾസ് ഫിലിം സൊസൈറ്റി സെക്രട്ടറി സുരേഷ് പോൾ സ്വാഗതവും യൂണിറ്റ് സെക്രട്ടറി പി.കെ. രാജു നന്ദിയും പറഞ്ഞു.

പരിപാടികളോടനുബന്ധിച്ച് കുട്ടികൾക്കായി സംഘടിപ്പിച്ച സിനിമാക്വിസ്സിന് അഡ്വ. വി.കെ. നന്ദനൻ നേതൃത്വം നൽകി. വിജയികൾക്ക് പുസ്തകങ്ങൾ സമ്മാനമായി വിതരണം ചെയ്തു. ചാപ്ലിന്റെ മോഡേൺ ടൈംസ് എന്ന ചലച്ചിത്രത്തിന്റെ പ്രദർശനവും സംഘടിപ്പിച്ചിരുന്നു.

Date of Publication 20-07-2017.Regd. No of Newspaper KERMAL/2001/10969□Regd No. KL/CT/53/2015-17 □
Licence to post without pre-payment at RMS Calicut on 05th July 2017 L No. KL/PMG/NR/WPP/6/KKD/15-17

**പുതു അറിവ്**

# ഭീകരതയുടെ ഉൾക്കിടുക്കത്തിൽ ജീവിതം

പ്രൊഫ.കെ.ആർ.ജനാർദനൻ



ഗെർഡ് ഗിഗെറെൻസർ (Gerd Gigerenzer) ഒരു മനശ്ശാസ്ത്ര വിദഗ്ധനാണ്. ബർലിൻ മാക്സ്പ്ലാങ്ക് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹ്യൂമൻ ഡെവലെപ്മെന്റിന്റെ കീഴിലുള്ള സെന്റർ ഫോർ അഡാപ്റ്റീവ് ബിഹേവിയർ ആന്റ് കൊഗ്നിഷൻ എന്ന സ്ഥാപനത്തിന്റെ ഡയറക്ടറായി സേവനം അനുഷ്ഠിക്കുന്നു. അദ്ദേഹം എഴുതിയ ലിവിംഗ് ഇൻ ടെറർ ഓഫ് ടെററിസം എന്ന ചെറുലേഖനമാണ് ഇവിടുത്തെ പ്രതിപാദ്യവിഷയം.

ഭീകരവാദവും ഭീകരാക്രമണവും ലോകത്തെ എല്ലാ ഭരണാധികാരികളുടെയും ഉറക്കം കെടുത്തുന്ന പ്രശ്നങ്ങളാണ്. അഫ്ഗാനിസ്ഥാൻ, സിറിയ, നൈജീരിയ തുടങ്ങിയ രാജ്യങ്ങൾ എപ്പോളും ഭീകരാക്രമണത്തിന്റെ നിഴലിലാണ്. പ്രതിവർഷം അനേകം നിരപരാധികളായ ജനങ്ങളുടെ ജീവനും സ്വത്തും ഇതിനാൽ അപഹരിക്കപ്പെടുന്നു. താരതമ്യേന സുരക്ഷിതമെന്ന് കരുതപ്പെടുന്ന രാജ്യങ്ങളിൽപ്പോലും ഇടയ്ക്കും തലയ്ക്കും ഭീകരവാദികൾ അവരുടെ കരുത്ത് കാണിക്കന്നുമുണ്ട്. ഇന്ത്യയും ഭീകരവാദത്തിന്റെയും ഭീകരാക്രമണത്തിന്റെയും ഇരയാണല്ലോ. പക്ഷേ ഗെർഡ് ഗിഗെറെൻസർ മറ്റൊരു കോണിലൂടെയാണ് ഈ പ്രശ്നത്തെ കാണുന്നത്.

അമേരിക്കയിൽ ഇടിമിന്നലേറ്റ് ഓരോ വർഷവും മരണമടയുന്നവരുടെ സംഖ്യ ഭീകരാക്രമണത്താൽ മരിക്കുന്നവരെക്കാൾ വളരെ കൂടുതലാണ്. അവിടവിടെ ഉണ്ടാകുന്ന വെടിവെപ്പിനാലും എന്തിനു മറ്റുള്ളവർ പുറത്ത് വിടുന്ന സിഗരറ്റ് പുക ശ്വസിക്കുന്നതിനാലും പലരുടെയും ജീവൻ അപഹരിക്കപ്പെടുന്നുണ്ട്. ഭീകരാക്രമണത്തെക്കാൾ കൂടുതൽ ഭയപ്പെടേണ്ടത് ആശുപത്രികളെയാണെന്നാണ് ഗെർഡ് ഗിഗെറെൻസർ പറയുന്നത്.

അവഗണനകൊണ്ടും അജ്ഞത കൊണ്ടും അറിഞ്ഞോ അറിയാതെയോ ചെയ്യുന്ന തെറ്റുകൾ കൊണ്ടും ആശുപത്രികളിൽ ഉണ്ടാകുന്ന മരണങ്ങളും ഒട്ടും കുറവല്ല. ഇവയിൽ ഭൂരിഭാഗവും ഒഴിവാക്കാവുന്ന മരണങ്ങളാണ്. അമേരിക്കയിൽ അനാവശ്യ മരണങ്ങളുടെ എണ്ണം 1999 ൽ 98000 ആയിരുന്നത് 2015 ൽ നാലുലക്ഷത്തി നാൽപതിനായിരം ആയി ഉയർന്നുവെന്ന് ജേണൽ ഓഫ് പേഷ്യന്റ് സേഫ്റ്റിയിൽ പ്രസിദ്ധീകരിച്ച ഒരു പഠനം വെളിവാക്കുന്നു.

മരണപ്പെടാൻ സാധ്യത താരതമ്യേന കുറഞ്ഞ ഒന്നിനെ നാം വല്ലാതെ ഭയപ്പെടുന്നതെന്തുകൊണ്ട്? മനശാസ്ത്രം അതിന് ഉത്തരം നൽകുന്നു. അപായ സാധ്യതയെപ്പറ്റിയുള്ള ഉത്കണ്ഠഭീതി ( Fear Of Dread Risks) എന്നാണ് മനശ്ശാസ്ത്രജ്ഞർ അതിനെ വിശേഷിപ്പിക്കുന്നത്. ഞൊടിയിടയിൽ അനേകം പേർ കൊല്ലപ്പെടുന്ന ഒരു സാഹചര്യത്തിലാണ് ഈ ഭീതി വെളിപ്പെടുന്നത്. മരിക്കുന്നതിനെപ്പറ്റിയല്ല ഈ ഭയം എന്നതാണ് നാം ശ്രദ്ധിക്കേണ്ടത്. എന്നെങ്കിലും മരിക്കേണ്ടിവരുമെന്ന് നമുക്കെല്ലാവർക്കും അറിയാം. എന്നാൽ പെട്ടെന്ന് ഓർക്കാപ്പുറത്ത് അനേകം പേരോടൊപ്പം മരിച്ചുവീഴുന്നതിനെപ്പറ്റിയുള്ള ഭയമാണത്. അത്രതന്നെയോ അതിൽ കൂടുതലോ ആളുകൾ പലയിടത്തായി പലസമയത്ത് ബൈക്ക് അപകടത്തിൽ ആശുപത്രിയിൽ, വെടിവെപ്പിൽ ഒക്കെ മരിക്കുമ്പോൾ ഇത്ര തന്നെ ഉത്കണ്ഠയോ ഭയമോ ഉണ്ടാകുന്നില്ല. അക്കാരണം കൊണ്ടുതന്നെ ഭീകരവാദികൾ രണ്ടുതവണ ആക്രമിക്കുന്നുണ്ട്. ഒന്ന് കായികബലം കൊണ്ട് രണ്ട് അപായസാധ്യതയെപ്പറ്റിയുള്ള ഉത്കണ്ഠഭീതിക്ക് അടിമപ്പെടുന്ന നമ്മുടെ പ്രവണതയെ ചൂഷണം ചെയ്തുകൊണ്ട്. 2001 സെപ്തംബർ പതിനൊന്നാം തിയതി അമേരിക്കയിലെ വേൾഡ് ട്രേഡ് സെന്ററിലെ ഭീകരാക്രമണത്തിന് ശേഷം അനേകം അമേരിക്കൻ പൗരൻമാർ വീമാനയാത്ര ഒഴിവാക്കി റോഡ് മാർഗം സഞ്ചരിക്കാൻ തുടങ്ങി. പരിണിതഫലമായി ഉണ്ടായ വാഹനാപകടങ്ങൾ മൂലം ഏതാണ്ട് പതിനാറായിരം പേർ കൊല്ലപ്പെട്ടു. ഇത് അക്കാലത്ത് ഹൈജാക്ക് ചെയ്യപ്പെട്ട നാല് വീമാനങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണത്തേക്കാൾ കൂടുതലായിരുന്നു. ഒസാമ ബിൻലാദന്റെ രണ്ടാമത്തെ അടിയായിരുന്നു അത്. വിമാനയാത്ര ചെയ്തിരുന്നുവെങ്കിൽ അവരിൽ പലരും ഇന്ന് ജീവനോടെ ബന്ധുക്കൾക്കൊപ്പം ഉണ്ടാകുമായിരുന്നു. കഴിഞ്ഞ കുറേ വർഷങ്ങളായി അമേരിക്കയിൽ വിമാനാപകടങ്ങൾ ഒന്നും ഉണ്ടായിട്ടില്ല.

മറ്റൊരു വസ്തുത കൂടി ലേഖകൻ ചർച്ചാവിഷയമാക്കുന്നുണ്ട്. ഭീകരാക്രമണം പ്രതിരോധിക്കുവാനായി നിയോഗിക്കപ്പെട്ട ഹോംലാന്റ് സെക്യൂരിറ്റി പോലുള്ള സ്ഥാപനങ്ങൾക്ക് പണം വാരിക്കോരി കൊടുക്കുന്നുണ്ട്. ഓർക്കാപ്പുറത്തുണ്ടാകുന്ന ഒന്നാമത്തെ അടി തടയാനാണീ പണം. പക്ഷേ രണ്ടാമത്തെ പ്രഹരം തടയാൻ പണം ഒട്ടും തന്നെ നീക്കിവെച്ചിട്ടില്ല. ആദ്യത്തേത് പ്രത്യക്ഷമാണെങ്കിൽ രണ്ടാമത്തേത് പരോക്ഷമാണ്. അവിടെയാണ് പൊതുജനങ്ങളെ മനശ്ശാസ്ത്രപരമായി ഉത്ബുദ്ധരാക്കേണ്ടതിന്റെ പ്രാധാന്യം. ഭീകരവാദികൾ എങ്ങനെ നമ്മുടെ ഭീതിയെ ചൂഷണം ചെയ്യുന്നുവെന്ന് സാമാന്യജനങ്ങളെ പഠിപ്പിക്കുന്നത് വഴി നമുക്ക് അനേകം ജീവൻ രക്ഷിക്കാൻ കഴിയും. സെക്യൂരിറ്റി ഏജൻസികൾ രക്ഷിക്കുന്നതിനേക്കാൾ കൂടുതൽ ജനങ്ങളെ, ചില സ്ഥാപിത താല്പര്യക്കാരും രാഷ്ട്രീയനേതാക്കളും അപായസാധ്യതയെപ്പറ്റിയുള്ള ഉത്കണ്ഠാഭീതിയിൽ ആളിക്കത്തിച്ചുനിർത്താൻ ശ്രമിക്കുന്നുണ്ടെന്ന് ഗെർഡ് ഗിഗെറെൻസർ പരാതിപ്പെടുന്നു. അതുവഴി ജനങ്ങളുടെ സ്വകാര്യതയ്ക്കും ജനാധിപത്യാവകാശങ്ങൾക്കും നിയന്ത്രണം സൃഷ്ടിക്കുന്നു. ഭീകരാക്രമണത്തേക്കാൾ ഭയാനകം ഭീകരതയുടെ ഉൾക്കിടുക്കത്തിൽ ജീവിക്കുന്നതാണെന്ന് ഗെർഡ് ഗിഗെറെൻസർ സമർഥിക്കുന്നു.

# തുല്യതാസംഗമങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നടന്നു

തിരുവനന്തപുരം: സാമൂഹ്യനീതി നിഷേധിക്കപ്പെട്ട സ്ത്രീസമൂഹത്തിന്റെ അവകാശഅധികാരങ്ങൾ നേടിയെടുക്കാനുള്ള കാഴ്ചപാടോടെ വിഭാവനം ചെയ്ത തുല്യതാസംഗമങ്ങൾ തിരുവനന്തപുരം ജില്ലയിൽ ആരംഭിച്ചു. ജില്ലാതലത്തിലുള്ള ഫാക്കൽറ്റി കൂടിയിരുപ്പിനു ശേഷം സംസ്ഥാനത്തെ ആദ്യത്തെ കുടുംബസംഗമം നേമം മേഖലയിലെ നേമം യൂണിറ്റിൽ നടന്നു. 15 കുടുംബങ്ങൾ പങ്കെടുത്തു. നെയ്യാറ്റിൻകര, തിരുവനന്തപുരം, പെരുംകടവിള, പാറശാലയിലെ ഫെസിലിറ്റേറ്റർമാർ ഉൾപ്പെടെ 46 പേർ പങ്കെടുത്തു. യൂണിറ്റ് പ്രസിഡണ്ട് ബിന്ദുടീച്ചറുടെ അദ്ധ്യക്ഷതയിൽ നടന്ന സംഗമം സംസ്ഥാന ജന്റർ കൺവീനർ പി. ഗോപകുമാർ, ഉദ്ഘാടനം ചെയ്തു. ജില്ലാ കൺവീനർ രമണി സന്തോഷ് ആമുഖവർത്തമാനം നടത്തി. പി.എസ് രാജശേഖരൻ, ജില്ലാ സെക്രട്ടറി ഷിബു അരുവിപ്പുറം, മേഖലാ സെക്രട്ടറി പ്രമോദ്, ആശാഗോപൻ എന്നിവർ പങ്കെടുത്തു. പുരുഷാധിപത്യസമൂഹത്തിൻെറ ചരിത്രവർത്തമാനം തിരുത്തി എഴുതാനുള്ള പ്രവർത്തനത്തിനാണ് ജില്ലയിൽ തുടക്കം കുറിച്ചിരിക്കുന്നത്.

രണ്ടാമത്തെ തുല്യതാ സംഗമം ആറ്റിങ്ങൽ മേഖലയിൽ നടന്നു. വർക്കല, കിളിമാനൂർ, കഴക്കൂട്ടം, വെഞ്ഞാറമ്മൂട് മേഖലകൾക്ക് വേണ്ടിയുള്ള പരിശീലനവും നടന്നു. പി. ഗോപകുമാർ, രമണി സന്തോഷ്, ജില്ലാ വൈസ് പ്രസിഡണ്ട് ഗിരിജകുമാരി എന്നിവർ നേതൃത്വം കൊടുത്തു.

# ജലസന്ദേശയാത്ര ചരിത്രസംഭവം

തിരുവനന്തപുരം: തിരുവനന്തപുരം ജില്ലയിലെ ഗ്രാമ-നഗരങ്ങളിൽ ജലസുരക്ഷയുടെ സന്ദേശം ഉയർത്തി അഞ്ച് ദിവസം നീണ്ടുനിന്ന ജലസന്ദേശയാത്ര സംഘടിപ്പിച്ചു. അഞ്ച് ദിവസങ്ങളിലായി 100 വാളൻഡിയർമാർ ഹരിത വസ്ത്രം ധരിച്ച് കണ്ണികളായി. പൊതുവാഹനത്തിൽ യാത്ര ചെയ്ത് പ്രചരണം നടത്തിയ യാത്ര ഒരു വേറിട്ട പ്രവർത്തനം ആയിരുന്നു. 15000 ആളുകളുമായി നേരിട്ട് ആശയവിനിമയം നടത്തി. 8000 ജലസുരക്ഷ നോട്ടുബുക്കുകൾ വിതരണം ചെയ്തു. 2000 വീടുകളിൽ സന്ദർശനം നടത്തി. വീടുകൾ, ബസ് സ്റ്റാൻഡുകൾ, സർക്കാർ ഓഫിസുകൾ, തദേശ സ്വയം ഭരണസ്ഥാപനങ്ങൾ എന്നിവ സന്ദർശിച്ചു. രാഷ്ട്രീയ നേതാക്കൾ, ജനപ്രധിനിധികൾ, പരിസര സംരക്ഷണപ്രവർത്തകർ എന്നിവരുമായി ആശയവിനിമയം നടത്തി. പത്ത് മേഖലാ കേന്ദ്രങ്ങളിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു. പ്രാഥമികവിവരശേഖരണം നടത്തി. പ്രാദേശികസമൂഹം ജലസംരക്ഷണപ്രവർത്തനം ഏറ്റെടുത്തു.

നെയ്യാറ്റിൻകര പട്ടണത്തിലെ ഈഴക്കുളക്കരയിൽ വച്ച് നെയ്യാറ്റികര നഗരസഭ ചെയർപേഴ്സൺ W.R. ഹിബ ഉദ്ഘാടനം ചെയ്തു. വൈസ് ചെയർമാൻ കെ. ഷിബു, കൗൺസിലർമാർ, നാട്ടുകാർ എന്നിവർ പങ്കെടുത്തു. പെരുങ്കടവിളയിലെ കേന്ദ്രത്തിൽ പാറശാല എം.എൽ.എ സി.കെ ഹരീന്ദ്രൻ പങ്കെടുത്തു. പൂവച്ചാൽ പഞ്ചായത്തിലെ ആലമുക്ക്, പാലോട് പാണ്ഡ്യൻപാറ വനമേഖലയിലെ മാഞ്ചിയം പ്ലാന്റേഷൻ, വെഞ്ഞാറാമ്മൂട്, ആറ്റിങ്ങൽ പാലസ്കോണം, കഴക്കൂട്ടത്തെ തെറ്റിയാർ, വർക്കലയിലെ ചെറുവള്ളിക്കോണം, തിരുവനന്തപുരം നഗരത്തിലെ കാലടി, നേമത്തെ പ്രാവച്ചമ്പലം, എന്നീ കേന്ദ്രങ്ങളിൽ ജലയാത്രാ സന്ദർശനം നടത്തി. ധാരാളം വനിതകൾ, യുവസമിതി പ്രവർത്തകർ ഈ യാത്രയ്ക്ക് കരുത്ത് പകരുകയുണ്ടായി. ഒരു കലാജാഥയുടെ പര്യടനത്തിന് സമാനമായ സംഘാടനം നടന്നു. മഴപ്പാട്ടുകൾ, ജലപ്പാട്ടുകൾ എന്നിവ യാത്രയ്ക്ക് അഴക് കൂട്ടി. ജില്ലാ പരിസരവിഷയസമിതി കൺവീനർ ജാഥാമാനേജർ ആയിരുന്നു. കെ.ജി ഹരികൃഷ്ണൻ, ബി. രമേഷ്, സദീറ ഉദയകുമാർ, ജില്ലാ പ്രസിഡണ്ട്, ജില്ലാ സെക്രട്ടറി എന്നിവർ യാത്രയെ അനുഗമിച്ചിരുന്നു. ഈ ജലസന്ദേശയാത്രയുടെ ഫലമായി പത്ത് പരിസര വിഷയങ്ങൾ 10 മേഖലകളിലായി ഏറ്റെടുക്കുകയുണ്ടായിരുന്നു. ജില്ലയിലാകെ വലിയ സ്വാധീനം സൃഷ്ടിക്കാൻ കഴിഞ്ഞ ഈ യാത്ര തീർത്തും വ്യത്യസ്തമായ പ്രവർത്തനമെന്ന് വിലയിരുത്തുന്നു.



Printed by P. Muraleedharan, published by P. Muraleedharan, on behalf of Kerala Sasthra Sahithya Parishad and printed at Kamala Printers, 7/165, Oyitty Road, Calicut 673001 and published at Parishad Bhavan, Chalappuram, Calicut - 673002, Phone : 0495-2701919, e-mail:parishadvartha@gmail.com. Editor: P. Muraleedharan.